സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി** മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ** മാഗസിൻ

2023 ഒക്ടോബർ 06 വെള്ളി | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ


## ആനത്തലവട്ടം ആനന്ദൻ അന്തരിച്ചു



തിരുവനന്തപുരം: മുതിർന്ന സിപിഎം നേതാവും സിഐടിയു സംസ്ഥാന പ്രസിഡന്റുമായ ആനത്തലവട്ടം ആനന്ദൻ (86) അന്തരിച്ചു. രോഗബാധയെ തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഇന്നലെ വൈകിട്ടായിരുന്നു അന്ത്യം.

1956-ൽ കമ്യൂണിസ്റ്റ് പാർട്ടി അംഗമായ ആനത്തലവട്ടം, 1964-ൽ പാർട്ടി പിളർന്നപ്പോൾ സിപിഎമ്മിനൊപ്പം ചേരുകയും 1985-ൽ സിപിഎം സംസ്ഥാന കമ്മിറ്റിയംഗവുമായി. ആറ്റിങ്ങൽ മണ്ഡലത്തിൽ നിന്ന് മൂന്നുവട്ടം എംഎൽഎയായി. 2008-ൽ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമായി. സിഐടിയു ദേശീയ വൈസ് പ്രസിഡന്റും അപ്പക്സ് ബോഡി ഫോർ കയർ വൈസ് ചെയർമാനുമാണ്. ഭാര്യ ലൈല. മക്കൾ: ജീവ ആനന്ദൻ, മഹേഷ് ആനന്ദൻ.

1937 ഏപ്രിൽ 22-ന് തിരുവനന്തപുരം ജില്ലയിലെ വർക്കല ചിലക്കൂരിൽ കേടുവിളാകത്ത് വിളയിൽ വി. കൃഷ്ണന്റെയും നാണിയമ്മയുടെയും മകനായി ജനിച്ചു. 1954-ൽ ഒരണ കൂടുതൽ കൂലിക്കു വേണ്ടി നടന്ന കയർ തൊഴിലാളി പണിമുടക്കിലൂടെയാണ് ആനന്ദൻ രാഷ്ട്രീയരംഗത്തെത്തുന്നത്. വർക്കലയിലെ ട്രാവൻകൂർ കയർ വർക്കേഴ്സ് യൂണിയന്റെ നേതൃത്വത്തിലായിരുന്നു സമരം. റെയിൽവേയിൽ ടിക്കറ്റ് എക്സാമിനർ ആയി ജോലി ലഭിച്ചെങ്കിലും ആനന്ദൻ സംഘടനാപ്രവർത്തനത്തിനു വേണ്ടി അതു വേണ്ടെന്നുവെക്കുകയായിരുന്നു. ധാരാളം തൊഴിലാളിസമരങ്ങൾക്കു നേതൃത്വം നൽകിയ ആനന്ദൻ പലവട്ടം ജയിൽവാസമനുഭവിച്ചിട്ടുണ്ട്. അടിയന്തരാവസ്ഥക്കാലത്ത് ഒന്നര വർഷത്തോളം ഒളിവിൽ പ്രവർത്തിച്ചു. പിന്നീട് അറസ്റ്റിലായി. അടിയന്തരാവസ്ഥ അവസാനിച്ചതിനു ശേഷമാണ് ജയിൽമോചിതനായത്.

ട്രാവൻകൂർ തൊഴിലാളി യൂണിയൻ ജനറൽ സെക്രട്ടറി, 1972 മുതൽ കയർ വർക്കേഴ്സ് സെന്റർ ജനറൽ സെക്രട്ടറി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. 12 വർഷം കയർഫെഡിന്റെ പ്രസിഡന്റായി. കയർ ബോർഡ് വൈസ് ചെയർമാനായും സേവനമനുഷ്ഠിച്ചു.

വിവിധ തൊഴിലാളി സംഘടനകളുടെ ഭാരവാഹിയായിരുന്നു. സിപിഎം പാർട്ടി സെക്രട്ടേറിയറ്റിലെത്തുന്ന ആദ്യ തിരുവനന്തപുരം ജില്ലക്കാരൻ കൂടിയാണ് അദ്ദേഹം.


1987-ൽ ആറ്റിങ്ങലിൽനിന്നാണ് ആദ്യതവണ നിയമസഭയിലെത്തിയത്. 1991-ൽ വീണ്ടും മത്സരിച്ചെങ്കിലും 316 വോട്ടിന് കോൺഗ്രസ് സ്ഥാനാർഥി ടി. ശരത്ചന്ദ്രപ്രസാദിനോട് പരാജയപ്പെട്ടു. 1996-ൽ ആറ്റിങ്ങലിൽത്തന്നെ വക്കം പുരുഷോത്തമനെ പരാജയപ്പെടുത്തിയായിരുന്നു രണ്ടാം ജയം. 2006-ൽ സി. മോഹനചന്ദ്രനെതിരെ 11208 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ജയിച്ചു കയറിയത്. 2006 മുതൽ 2011 വരെ ചീഫ് വിപ്പായിരുന്നു.

കേന്ദ്രസർക്കാരിന്റെ കയർമിത്ര പുരസ്കാരം, കയർ മില്ലേനിയം പുരസ്കാരം, സംസ്ഥാന സർക്കാരിന്റെ കയർ അവാർഡ്, സി.കേശവൻ സ്മാരക പുരസ്കാരം, എൻ.ശ്രീകണ്ഠൻ നായർ പുരസ്കാരം തുടങ്ങിയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

## 'ആറ് ലക്ഷം നൽകിയെന്ന വാദം കള്ളം'; നിയമനടപടിക്കൊരുങ്ങി കരുവന്നൂരിൽ മരിച്ച നിക്ഷേപകൻ ശശിയുടെ കുടുംബം

തൃശൂർ : വ്യാജ പ്രചാരണങ്ങൾക്കെതിരെ നിയമപോരാട്ടത്തിനൊരുങ്ങി കരുവന്നൂരിൽ മരിച്ച നിക്ഷേപകൻ ശശിയുടെ കുടുംബം. ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച സഹോദരന് ചികിത്സയ്ക്കായി 6 ലക്ഷം നൽകിയെന്ന ബാങ്കിന്റെയും സിപിഎം സൈബർ പ്രൊഫൈലുകളുടെയും പ്രചാരണം കള്ളമാണെന്ന് കുടുംബം പ്രതികരിച്ചു. ചികിത്സയിലായിരുന്നു ശശി മരിക്കും വരെ ഒരു ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രമാണ് കിട്ടിയത്. തെളിവായി അക്കൗണ്ട് രേഖകൾ കൈയ്യിലുണ്ടെന്നും സഹോദരി മിനി പറഞ്ഞു. "ആഗസ്റ്റ് 22 നാണ് സഹോദരനെ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ആഗസ്റ്റ് 23 ന് ബാങ്കിൽ അപേക്ഷ നൽകിയപ്പോൾ അമ്പതിനായിരം രൂപ തന്നു. ആശുപത്രിയിലെ രേഖകളും ഡോക്ടറുടെ കുറിപ്പും വെച്ച് വീണ്ടും അപേക്ഷിച്ചപ്പോൾ സെപ്റ്റംബർ ഒന്നാം തിയ്യതി ഒരു ലക്ഷവും പിന്നീട് 14 ന് നാൽപ്പതിനായിരം രൂപയും തന്നു. ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തതിന് ശേഷം, ആഗസ്റ്റ് 22 തിയ്യതി മുതൽ സെപ്റ്റംബർ 14 വരെ ഒരു ലക്ഷത്തിതൊണ്ണൂറായിരം രൂപയാണ് ബാങ്ക് നൽകിയത്. ഇത് തെളിയിക്കാൻ രേഖകളുണ്ട്. സഹോദരൻ രോഗബാധിതനാണെന്നും ചികിത്സയ്ക്ക് വേണ്ടി അമ്മയുടെ എഫ്ഡി അക്കൌണ്ടിലെ പണം തരണമെന്നാവശ്യപ്പെട്ടാണ് അപേക്ഷ സമർപ്പിച്ചത്. ആറ് ലക്ഷം നൽകിയെന്ന വാദം കള്ളമാണ്. രണ്ട് പേരുടെയും അക്കൌണ്ടിലായി 14 ലക്ഷം രൂപ ഉണ്ടായിരുന്നു". ഇപ്പോൾ രണ്ട് പേരുടെയും അക്കൗണ്ടിലായി 13 ലക്ഷം ബാക്കിയുണ്ടെന്നും മിനി വിശദീകരിച്ചു.

## മുനമ്പത്ത് വള്ളം മുങ്ങി കാണാതായ മത്സ്യത്തൊഴിലാളികൾക്കായി തിരച്ചിൽ ഊർജിതം



വൈപ്പിൻ: മുനമ്പത്ത് കടലിൽ ഫൈബർ വെള്ളം മുങ്ങികാണാതായ നാല് മത്സ്യ തൊഴിലാളികൾക്ക് വേണ്ടിയുള്ള വ്യാപക തെരച്ചിൽ തുടരുന്നു. മാലിപ്പുറം സ്വദേശികളായ അപ്പു, താഹ, മോഹനൻ, ആലപ്പുഴ സ്വദേശി രാജു എന്നിവരെയാണ് കാണാതായത്.

വൈപ്പിൻ, അഴീക്കോട്ട് ചേറ്റുവ എന്നിവിടങ്ങളിലെ ഫിഷറീസ് വകുപ്പിൻറെ മൂന്ന് പട്രോൾ ബോട്ടുകൾ, വൈപ്പിൻ പ്രത്യാശ മറൈൻ ആംബുലൻസ്, കോസ്റ്റൽ പൊലീസിൻറെ ബോട്ട്, കോസ്റ്റ് ഗാർഡിൻറെ ചെറുതും വലുതുമായ കപ്പലുകൾ എന്നിവ കടലിലും കോസ്റ്റ് ഗാർഡിൻറെ ഡോണിയർ വിമാനം, ഇന്ത്യൻ നേവിയുടെ ഹെലികോപ്റ്റർ എന്നിവ ആകാശ നിരീക്ഷണത്തിലുമായാണ് തെരച്ചിൽ നടത്തുന്നത്.

വ്യാഴാഴ്ച വൈകിട്ട് അഞ്ചു മണിയോടെ മുനമ്പം അഴിമുഖത്തുനിന്ന് ഏഴു ഫാതം അകലെ പടിഞ്ഞാറാണ് അപകടമുണ്ടായത്. കടലിൽ കിടന്നിരുന്ന സമൃദ്ധി എന്ന ബോട്ടിൽ നിന്നും മത്സ്യം എടുത്തു വരുകയായിരുന്ന നന്മ എന്ന ഫൈബർ വള്ളമാണ് മുങ്ങിയത്. എളങ്കുന്നപ്പുഴ മാലിപ്പുറം സ്വദേശികളായ ബൈജു, മണിയൻ, ആലപ്പുഴ സ്വദേശി ആനന്ദ് എന്നിവരെ ഇന്നലെ രാത്രി എട്ടോടെ അതുവഴി എത്തിയ സെൻറ് ജൂഡ് ബോട്ടിലെ മത്സ്യതൊഴിലാളികൾ രക്ഷപ്പെടുത്തിയിരുന്നു. ഇതിൽ മണിയൻ എറണാകുളം ജനറൽ ആശുപത്രിയിൽ നിരീക്ഷണത്തിലാണ്.

എറണാകുളം, തൃശ്ശൂർ ജില്ലകളിലെ പരമ്പരാഗത മത്സ്യതൊഴിലാളികൾ മത്സ്യബന്ധനം ഒഴിവാക്കിയാണ് വ്യാപക തെരച്ചിൽ നടത്തുന്നത്. അധികം ലോഡ് കയറ്റിയതും 7 പേർ കയറിയതും മോശം കാലാവസ്ഥയും ആണ് അപകട കാരണം എന്നാണ് പ്രാഥമിക നിഗമനം. ഭാരവുമായി മുങ്ങിയത് കാരണമാകാം ഫൈബർ വഞ്ചിയെ കണ്ടെത്താൻ കഴിയാത്തത് എന്നാണ് വിലയിരുത്തൽ.

## 'രാഷ്ട്രീയ അടിസ്ഥാനത്തിൽ ബ്ലോക്കെന്തിന്?'; കണ്ണൂർ സെൻട്രൽ ജയിലിനെതിരെ ഹൈക്കോടതി




കൊച്ചി: കണ്ണൂർ സെൻട്രൽ ജയിലിനെതിരെ രൂക്ഷ പരാമർശവുമായി ഹൈക്കോടതി. രാഷ്ട്രീയം അടിസ്ഥാനമാക്കി തടവുകാരെ വിവിധ ബ്ലോക്കുകളായി പാർപ്പിക്കുന്നത് എന്തിനെന്ന് കോടതി ചോദിച്ചു. ചട്ടപ്രകാരമായിരിക്കണം ജയിലുകളുടെ പ്രവർത്തനമെന്ന് ഡിജിപി ഉറപ്പുവരുത്തണമെന്നും കോടതി പറഞ്ഞു.

കണ്ണൂർ സെൻട്രൽ ജയിലിലെ സംഘർഷത്തിൽ സിപിഎം പ്രവർത്തകൻ രവീന്ദ്രൻ കൊല്ലപ്പെട്ട കേസിൽ പ്രതികളുടെ അപ്പീലിൽ കോടതി വിധി പറഞ്ഞിരുന്നു. കേസിലെ ഒമ്പത് പ്രതികളിൽ നാല് പ്രതികളെ വെറുതെ വിട്ടതിന് പിന്നാലെയാണ് ജയിലിനെ സാഹചര്യങ്ങളെക്കുറിച്ച് കോടതി വിമർശിച്ചത്. ശിക്ഷ കഴിഞ്ഞ് ഓരോ പ്രതിയും ജയിലിൽ നിന്ന് ഇറങ്ങേണ്ടത് പുതിയ മനുഷ്യനായാണ്. ജയിലിൽ തടവുകാർ തമ്മിൽ വിഭാഗീയതക്ക് സ്ഥാനമില്ല. എന്നാൽ രാഷ്ട്രീയ പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ തടവുകാരെ വിവിധ ബ്ലോക്കുകളിലായാണ് താമസിപ്പിക്കുന്നത്. ഇത് എന്തുകൊണ്ടാണെന്ന് മനസിലാകുന്നില്ലെന്നും കോടതി നിരീക്ഷിച്ചു. തടവുകാർക്കും രാഷ്ട്രീയപ്രവർത്തനം പാടില്ലെന്നും കോടതി പറഞ്ഞു. അതേസമയം, രവീന്ദ്രൻ കൊലക്കേസിലെ അന്വേഷണത്തെക്കുറിച്ചും കോടതി വിമർശിച്ചിട്ടുണ്ട്. അന്വേഷണം കളങ്കിതവും അനുചിതവുമായിരുന്നെന്നാണ് ഉത്തരവിലുള്ളത്.

## മദ്യനയ കേസ്: സഞ്ജയ് സിങ്ങിന് രണ്ടുകോടി ലഭിച്ചെന്ന് ഇഡി കോടതിയിൽ; അഞ്ചുദിവസത്തേക്ക് കസ്റ്റഡിയിൽവിട്ടു



ന്യൂഡൽഹി: ഡൽഹി മദ്യനയ ക്കേസുമായി ബന്ധപ്പെട്ട് അറസ്റ്റിലായ എ.എ.പി. നേതാവും രാജ്യസഭാ എം.പിയുമായ സഞ്ജയ് സിങ്ങിനെ ഡൽഹി റോസ് അവന്യൂ കോടതി അഞ്ചു ദിവസത്തേക്ക് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി.) കസ്റ്റഡിയിൽ വിട്ടു.

ഒക്ടോബർ പത്തുവരെയാണ് സഞ്ജയ് സിങ്ങിനെ ഇ.ഡി. കസ്റ്റഡിയിൽ വിടാൻ ഡൽഹി കോടതി സ്പെഷൽ ജഡ്ജി എം.കെ. നാഗ്പാൽ ഉത്തരവിട്ടിരിക്കുന്നത്.

കേസിലെ മുഖ്യ ഗൂഢാലോചനക്കാരൻ സഞ്ജയ് ആണെന്നാണ് ഇ.ഡിയുടെ വാദം. ഒരു ബിസിനസുകാരൻ രണ്ടു കോടി രൂപ സഞ്ജയ് സിങ്ങിന് നൽകിയെന്നും ഇത് ഡൽഹി മദ്യനയക്കേസുമായി ബന്ധപ്പെട്ടുള്ള പണത്തിന്റെ ഭാഗമാണെന്നും ഇ.ഡി. കോടതിയിൽ ആരോപിച്ചു. മാപ്പുസാക്ഷിയായി മാറിയ ബിസിനസുകാരൻ ദിനേഷ് അറോറ ഉൾപ്പെടെ കേസിലെ നിരവധി കുറ്റാരോപിതരുമായി സഞ്ജയ് സിങ്ങിന് അടുത്തബന്ധമാണുള്ളതെന്നും ഇ.ഡി. ആരോപിക്കുന്നുണ്ട്.സഞ്ജയ് സിങ്ങിന്റെ വസതിയിൽ നടത്തിയ പരിശോധനയിൽ ആരോപണം തെളിയിക്കുന്ന ഡിജിറ്റൽ തെളിവുകൾ ലഭിച്ചിട്ടുണ്ടെന്നും ഇ.ഡി. അവകാശപ്പെട്ടു. സഞ്ജയ് സിങ്ങിന് രണ്ടുകോടി രൂപ കൈമാറിയത് ദിനേശ് അറോറയുടെ ജീവനക്കാരനായിരുന്ന സർവേഷ് എന്നയാളാണെന്നും അന്വേഷണ ഏജൻസി കോടതിയെ അറിയിച്ചു.ബുധനാഴ്ചയാണ് സഞ്ജയ് ഇ.ഡിയുടെ പിടിയിലായത്. അദ്ദേഹത്തിന്റെ വീട്ടിൽ ദിവസം മുഴുവൻ ഇ.ഡി. തിരച്ചിൽ നടത്തിയതിന് പിന്നാലെയായിരുന്നു അറസ്റ്റ്. ഡൽഹി മദ്യനയക്കേസിൽ അറസ്റ്റിലാകുന്ന രണ്ടാമത്തെ എ.എ.പി. നേതാവാണ് സഞ്ജയ് സിങ്. ഫെബ്രുവരിയിൽ ഡൽഹി ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയാണ് ആദ്യം അറസ്റ്റിലായത്.

### കോടതിയെ തെറ്റിദ്ധരിപ്പിച്ചു

## എഐ ക്യാമറക്ക് ശേഷം അപകടം കുറഞ്ഞെന്ന വാദം തള്ളി സതീശൻ



തിരുവനന്തപുരം : സംസ്ഥാനത്ത് എ.ഐ ക്യാമറകൾ സ്ഥാപിച്ച ശേഷം അപകടങ്ങൾ കുറഞ്ഞെന്ന മുഖ്യമന്ത്രിയുടെയും ഗതാഗതമന്ത്രിയുടെയും വാദം പച്ചക്കള്ളമെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ. നിയമസഭയിലും പുറത്തും ഈ കള്ളം ആവർത്തിച്ചത് കൂടാതെ സർക്കാർ ഹൈക്കോടതിയെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തു. കള്ളക്കണക്ക് നൽകി ഹൈക്കോടതിയെ കബളിപ്പിക്കാൻ ശ്രമിച്ച ഗതാഗതമന്ത്രി സത്യപ്രതിജ്ഞാലംഘനമാണ് നടത്തിയത്. ഒരു നിമിഷം പോലും സ്ഥാനത്ത് തുടരാൻ അദ്ദേഹം അർഹനല്ല. ഗതാഗതമന്ത്രി രാജിവച്ചൊഴിയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

പ്രതിപക്ഷാംഗങ്ങളുടെ ചോദ്യത്തിന് നിയമസഭയിൽ ഗതാഗതമന്ത്രി നൽകിയ മറുപടി പൊതുസമൂഹത്തിന് മുന്നിൽ നിൽക്കെയാണ് മുഖ്യമന്ത്രിയും മന്ത്രിയും നട്ടാൽ കുരുക്കാത്ത കള്ളം ആവർത്തിച്ചുകൊണ്ടിരുന്നത്. നിയമസഭാ രേഖകൾ പ്രകാരം കഴിഞ്ഞ വർഷം ജൂണിൽ 3714 അപകടങ്ങളും ഈ വർഷം ജൂണിൽ 3787 അപകടങ്ങളും ഉണ്ടായി. ജൂലൈ മാസത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 254 അപകടങ്ങൾ കൂടുതലായി ഉണ്ടായി. 2022 ഓഗസ്റ്റിൽ 3366 അപകടങ്ങളും 307 അപകട മരണങ്ങളും നടന്നപ്പോൾ ഈ വർഷം ഓഗസ്റ്റിൽ 4006 അപകടങ്ങളും 353 അപകട മരണങ്ങളാണുണ്ടായത്. വസ്തുതകൾ ഇതായിരിക്കെ കള്ളക്കണക്ക് നൽകി ഹൈക്കോടതിയെ പോലും തെറ്റിദ്ധരിപ്പിക്കുന്നത് ഗൂഢലക്ഷ്യത്തോടെയാണ്.

എ.ഐ ക്യാമറയുടെ പേരിൽ നടന്ന കൊള്ള മറച്ചുവയ്ക്കാനാണ് റോഡ് അപകടങ്ങളിൽ കുറവുണ്ടായെന്ന വ്യാജ പ്രചരണം സർക്കാർ ബോധപൂർവം നടത്തുന്നത്. അഴിമതിയിൽ മുഖ്യമന്ത്രിയുടെ ബന്ധുക്കൾക്ക് വരെ പങ്കുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ സഹിതമാണ് പ്രതിപക്ഷം ആരോപണം ഉന്നയിച്ചത്. എന്നിട്ടും മറുപടി നൽകാനോ നടപടികൾ സ്വീകരിക്കാനോ മുഖ്യമന്ത്രിയോ സർക്കാരോ തയാറാകാത്ത സാഹചര്യത്തിലാണ് പ്രതിപക്ഷം കോടതിയെ സമീപിച്ചത്. കോടതിയുടെ പരിഗണനയിലുള്ള ഈ കേസിനെ ദുർബലപ്പെടുത്തുകയെന്ന ഗൂഢലക്ഷ്യത്തോടെയാണോ വ്യാജക്കണക്കുകൾ നിർമ്മിച്ചതെന്നും സംശയിക്കേണ്ടിയിരിക്കുന്നു.

## ചൈനീസ് മുങ്ങിക്കപ്പൽ കുരുങ്ങിയത് ശത്രുരാജ്യങ്ങൾക്കായി ഒരുക്കിയ സ്വന്തം കെണിയിൽ; മരിച്ചത് 55 പേർ

ചൈനീസ് മുങ്ങിക്കപ്പൽ കുരുങ്ങിയത് ശത്രുരാജ്യങ്ങൾക്കായി ഒരുക്കിയ സ്വന്തം കെണിയിൽ; മരിച്ചത് 55 പേർലണ്ടൻന്മ ശത്രുരാജ്യങ്ങളുടെ മുങ്ങിക്കപ്പലുകൾക്കായി ഒരുക്കിയ കെണിയിൽ പെട്ട് തകരാറിലായ ചൈനയുടെ ആണവ മുങ്ങിക്കപ്പലിലെ 55 നാവികർ ശ്വാസം കിട്ടാതെ മരിച്ചതായി ബ്രിട്ടിഷ് ഇന്റലിജൻസ് റിപ്പോർട്ട് ചെയ്തു.മഞ്ഞക്കടലിൽ യുഎസ്, ബ്രിട്ടിഷ് മുങ്ങിക്കപ്പലുകളെ ഉന്നംവച്ചൊരുക്കിയ കെണിയിൽപെട്ടതോടെ ചൈനയുടെ മുങ്ങിക്കപ്പലിലെ ഓക്സിജൻ വിതരണ സംവിധാനം തകരാറിലാവുകയായിരുന്നു.ചങ്ങലയും നങ്കൂരവും ഉപയോഗിച്ച് ചൈനീസ് നാവികസേനയുണ്ടാക്കിയ കെണിയിൽ കുരുങ്ങി ഓഗസ്റ്റ് 21നായിരുന്നു അപകടം. എന്നാൽ, ഇത്തരമൊരു അപകടം നടന്നിട്ടില്ലെന്നാണ് ചൈനയുടെ നിലപാട്.

## തമിഴ്നാട്, കർണാടക, ബംഗാൾ, തെലങ്കാന സംസ്ഥാനങ്ങളിൽ ഇ.ഡി, ഐടി റെയ്ഡ്

ന്യൂഡൽഹി: പ്രതിപക്ഷം ഭരിക്കുന്ന തമിഴ്നാട്, കർണാടക, ബംഗാൾ, തെലങ്കാന എന്നീ സംസ്ഥാനങ്ങളിൽ ഒരേദിവസം കേന്ദ്ര ഏജൻസികൾ റെയ്ഡ് നടത്തി.

അതതു സംസ്ഥാനങ്ങളിലെ ഭരണകക്ഷി നേതാക്കളുടെ വീടുകളിലും ഓഫിസുകളിലുമാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും (ഇ.ഡി), ആദായ നികുതി വകുപ്പും പരിശോധന നടത്തിയത്.

പ്രതികാര രാഷ്ട്രീയത്തിന്റെ ഭാഗമാണിതെന്നു പ്രതിപക്ഷം ആരോപിച്ചു. നിയമം അതിന്റെ വഴിക്കുപോകുമെന്ന നിലപാടുമായി കേന്ദ്രവും രംഗത്തിറങ്ങിയതോടെ ഭരണ, പ്രതിപക്ഷ പോര് മൂർച്ഛിച്ചു. 'ന്യൂസ്ക്ലിക്' പോർട്ടലിന്റെ എഡിറ്ററടക്കം 2 പേരെയും ഡൽഹി മദ്യനയ അഴിമതിക്കേസിൽ ആം ആദ്മി പാർട്ടി എംപി സഞ്ജയ് സിങ്ങിനെയും കഴിഞ്ഞ ദിവസങ്ങളിൽ അറസ്റ്റ് ചെയ്തിരുന്നു.

### ഇന്നലെ നടന്ന റെയ്ഡ്

തമിഴ്നാട്: വിദേശത്ത് അനധികൃത നിക്ഷേപം നടത്തി നികുതി വെട്ടിച്ചെന്ന കേസിൽ മുൻ കേന്ദ്രമന്ത്രിയും ഡിഎംകെ എംപിയുമായ എസ്.ജഗത്‌രക്ഷകന്റെ വീട്ടിലും സ്ഥാപനങ്ങളിലും ആദായനികുതി വകുപ്പ് പരിശോധന നടത്തി. ജഗത്‌രക്ഷകന്റെയും ബന്ധുക്കളുടെയും ഉടമസ്ഥതയിലുള്ള ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബ്രൂവറി, റിസോർട്ടുകൾ എന്നിങ്ങനെ എഴുപതിലേറെ സ്ഥലങ്ങളിലായിരുന്നു റെയ്ഡ്. താംബരം ഡപ്യൂട്ടി മേയറും ഡിഎംകെ നേതാവുമായ കാമരാജിന്റെ വീട്ടിലും പരിശോധന നടത്തി.

കർണാടക: ഉപമുഖ്യമന്ത്രി ഡി.കെ.ശിവകുമാറിന്റെ അനുയായിയും കോൺഗ്രസ് നേതാവുമായ ആർ.എം.മഞ്ജുനാഥ് ഗൗഡയുടെ വീട്ടിലും ഫാം ഹൗസിലും ഇ.ഡി റെയ്ഡ്. മഞ്ജുനാഥ് ചെയർമാനായ ശിവമൊഗ്ഗ ജില്ലാ സഹകരണ സെൻട്രൽ ബാങ്കിൽ 201214 കാലത്ത് 32 അക്കൗണ്ടുകൾ വഴി നടത്തിയ തട്ടിപ്പിൽ 68 കോടി രൂപ നഷ്ടമുണ്ടായെന്നാണ് കേസ്. 9 വർഷം മുൻപും ഇതേ കേസിൽ മഞ്ജുനാഥ് അറസ്റ്റിലായിരുന്നു.

ബംഗാൾ: തൃണമൂൽ നേതാവും ഭക്ഷ്യ, പൊതുവിതരണ മന്ത്രിയുമായ രഥിൻ ഘോഷിന്റെ വീടും ഓഫിസുമടക്കം 13 ഇടങ്ങളിൽ ഇ.ഡി റെയ്ഡ്. രഥിൻ മുൻപ് ചെയർമാനായിരിക്കെ മധ്യാംഗ്രം മുനിസിപ്പാലിറ്റിയിൽ അനധികൃത നിയമനങ്ങൾ നടന്നതായി ആരോപണമുണ്ട്.

തെലങ്കാന: ബിആർഎസ് എംഎൽഎ മാഗന്തി ഗോപിനാഥിന്റെയും ബന്ധുക്കളായ ബിസിനസുകാരുടേതും ഉൾപ്പെടെ ഹൈദരാബാദിൽ നൂറിലേറെ സ്ഥലങ്ങളിൽ ആദായനികുതി റെയ്ഡ്.

നികുതിവെട്ടിപ്പ് ആരോപണം നേരിടുന്ന ചിട്ടി, ധനകാര്യ സ്ഥാപനങ്ങളെയാണു പ്രധാനമായും ലക്ഷ്യമിട്ടത്.

## എച്ച്.എസ്. പ്രണോയിക്ക് വെങ്കലം; 1982–ന് ശേഷം പുരുഷ സിംഗിൾസ് മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ താരം



ഹാങ്ചൗ: 2023 ഏഷ്യൻ ഗെയിംസ് ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ വെങ്കല മെഡൽ സ്വന്തമാക്കി ഇന്ത്യയുടെ എച്ച്.എസ്. പ്രണോയ്. സെമിയിൽ ചൈനയുടെ ലി ഷിഫെങ്ങിനോട് നേരിട്ടുള്ള ഗെയിമുകൾക്ക് (1621, 921) പരാജയപ്പെട്ടതോടെ പ്രണോയിയുടെ നേട്ടം വെങ്കലത്തിലൊതുങ്ങുകയായിരുന്നു.

1982-ൽ സെയ്ദ് മോദിക്കു ശേഷം ഏഷ്യൻ ഗെയിംസ് പുരുഷ സിംഗിൾസ് മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ താരമെന്ന നേട്ടവും ഇതോടെ പ്രണോയ് സ്വന്തമാക്കി.

നേരത്തേ അമ്പെയ്ത്തിൽ വനിതകളുടെ റിക്കർവ് ഇനത്തിലും ഇന്ത്യ വെങ്കലം സ്വന്തമാക്കി. വിയറ്റ്നാമിനെ പരാജയപ്പെടുത്തിയാണ് അങ്കിത ഭഗത്, സിമ്രൻ ജീത് കൗർ, ഭജൻ കൗർ സഖ്യം വെങ്കലം നേടിയത്. ഇതോടെ ഗെയിംസ് അവസാനിക്കാൻ മൂന്നുനാൾകൂടി ശേഷിക്കെ ഇന്ത്യയുടെ സമ്പാദ്യം 88 മെഡലായി. 21 സ്വർണവും 32 വെള്ളിയും 35 വെങ്കലവും.

## ഭക്ഷ്യ സുരക്ഷാ വകുപ്പിൻറെ പരിശോധന

തിരുവനന്തപുരം: സുരക്ഷിതമായ ഭക്ഷണം ഉറപ്പ് വരുത്തുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് പ്രത്യേക പരിശോധന നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സ്‌കൂൾ പരിസരങ്ങളിൽ മിഠായികളിലും സിപ അപുകളിലും കൃത്രിമ നിറം ചേർത്ത് വിൽക്കുന്നവരെ പിടികൂടുന്നതിന്റെ ഭാഗമായാണ് നടപടി. വ്യാഴാഴ്ച സംസ്ഥാന വ്യാപകമായി നടത്തിയ എൻഫോഴ്സ്മെന്റ് ഡ്രൈവിൽ സ്‌കൂൾ പരിസരങ്ങളിലുള്ള 2792 സ്ഥാപനങ്ങളിൽ പരിശോധനകൾ പൂർത്തിയാക്കി. വിവിധ കാരണങ്ങളാൽ 81 കടകൾക്കെതിരെ അടച്ചുപൂട്ടൽ നടപടികൾ സ്വീകരിച്ചു. ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച 138 കടകൾക്ക് നോട്ടീസ് നൽകി. 124 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസും നൽകി.

## സിനഡിന്റെ തീരുമാനങ്ങൾക്ക് വിരുദ്ധമായി നിന്നു; വൈദികനെ വിചാരണ ചെയ്യാൻ താമരശേരി രൂപതയിൽ 'മത കോടതി'

കോഴിക്കോട്: സഭാ നേതൃത്വത്തെ വിമർശിച്ച വൈദികനെ കുറ്റവിചാരണ ചെയ്യാൻ പ്രത്യേക മതകോടതി രൂപീകരിച്ച് താമരശ്ശേരി രൂപത. ഫാ.അജി പുതിയപറമ്പിലിനെ കുറ്റവിചാരണ ചെയ്യാനാണ് അസാധാരണ നടപടി. കലാപത്തിന് പ്രേരിപ്പിച്ചു എന്നതടക്കം നാലു കുറ്റങ്ങളാണ് വൈദികനെതിരെ ചുമത്തിയിരിക്കുന്നത്. താമരശ്ശേരി രൂപതാ അധ്യക്ഷൻ റെമിജിയോസ് ഇഞ്ചിനാനിയൽ ആണ് സർക്കുലർ ഇറക്കിയത്. ഫാ. ബെന്നി മുണ്ടനാട്ട് ആണ് കുറ്റവിചാരണ കോടതിയുടെ അധ്യക്ഷൻ. ഫാ. ജയിംസ് കല്ലിങ്കൽ, ഫാ. ആന്റണി വരകിൽ എന്നിവരാണ് സഹജഡ്ജിമാർ. ബിഷപ്പിനെതിരേ കലാപത്തിന് വിശ്വാസികളെ പ്രേരിപ്പിച്ചു. സിറോ മലബാർ ബിഷപ്സ് സിനഡിന്റെ തീരുമാനങ്ങൾക്ക് വിരുദ്ധമായ നിലപാടെടുത്തു. നൂറാംതോട് ഇടവകയിൽ ചുമതല ഏറ്റെടുത്തില്ല തുടങ്ങിയവയാണ് വൈദികനെതിരേ ചുമത്തിയിട്ടുള്ള പ്രധാന കുറ്റങ്ങൾ. സിറോ മലബാർ സഭാനേതൃത്വത്തെ രൂക്ഷമായി വിമർശിച്ചശേഷം ശുശ്രൂഷാദൗത്യമുപേക്ഷിച്ച ഫാ. അജി പുതിയപറമ്പിലിനെ അച്ചടക്കലംഘനത്തിന്റെ പേരിൽ താമരശ്ശേരി രൂപത നേരത്തെ സസ്‌പെൻഡ് ചെയ്തിരുന്നു.

## ദുർമന്ത്രവാദം നിർത്താൻ ശ്രമിച്ച വനിതാ പൊലീസുകാരെ ഇരുമ്പുകമ്പി കൊണ്ട് ആക്രമിച്ചു; അമ്മയും മകളുമടക്കം മൂന്ന് പേർക്ക് 13 വർഷം കഠിന തടവ്

ആലപ്പുഴ: നൂറനാട്ട് വീട് കേന്ദ്രീകരിച്ചു ദുർമന്ത്രവാദം നടക്കുന്നുവെന്ന പരാതി അന്വേഷിക്കാനെത്തിയ പൊലീസുകാരെ ആക്രമിച്ച കേസിൽ അമ്മയും മകളും ഉൾപ്പെടെ മൂന്ന് പേർക്ക് 13 വർഷം കഠിനതടവ്. വനിത സ്റ്റേഷൻ ഹൗസ് ഓഫീസറെയും വനിത സിവിൽ പൊലീസിനെയും ഇരുമ്പു വടി കൊണ്ട് ആക്രമിച്ച കേസിൽ മൂവരും അര ലക്ഷം രൂപ വീതം പിഴയടയ്ക്കാനും ശിക്ഷിച്ചു. നൂറനാട് ഉളവുക്കാട് വന്മേലിത്തറയിൽ ആതിര (ചിന്നു-26), അമ്മ ശോഭന(50), ഇവരുടെ സഹോദരി രോഹിണി (48) എന്നിവർക്കാണ് അഡീഷനൽ ജില്ലാ സെഷൻസ് കോടതി-3 ജഡ്ജി എസ് എസ് സീന ശിക്ഷ വിധിച്ചത്. വിവിധ വകുപ്പുകളിലായുള്ള ശിക്ഷ ഒന്നിച്ചനുഭവിച്ചാൽ മതിയെന്നതിനാൽ മൂന്നു പേരും 7 വർഷം വീതം കഠിന തടവ് അനുഭവിക്കണം.

2016 ഏപ്രിൽ 23ന് ആലപ്പുഴ വനിത സെൽ എസ്എച്ച്ഒ ആയിരുന്ന മലപ്പുറം തിരൂരങ്ങാടി ചേലാമ്പ്ര പുല്ലിപ്പറമ്പ് സ്വപ്ന വീട്ടിൽ മീനാകുമാരി (59), വനിത സിവിൽ പൊലീസ് ഓഫിസർ ലേഖ (48) എന്നിവരെ ആക്രമിച്ച കേസിലാണ് വിധി. ആക്രമണത്തിൽ മീനാകുമാരിയുടെ വലതു കൈവിരൽ ഒടിഞ്ഞിരുന്നു. പിഴത്തുകയിൽ ഒരു ലക്ഷം രൂപ മീനാകുമാരിക്കു നൽകണം.

പാലമേൽ പഞ്ചായത്തിലെ ഉളവുക്കാട് വന്മേലിൽ പ്രദേശത്തെ 51 പേർ ഒപ്പിട്ടു കലക്ടർക്കു നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണു വനിതാ പൊലീസ് സംഘം സംഭവദിവസം വൈകിട്ട് ഇവരുടെ വീട്ടിലെത്തിയത്.

ആതിരയുമായി സംസാരിച്ച മീനാകുമാരി, മന്ത്രവാദവും മറ്റും നിർത്തി വിദ്യാഭ്യാസം തുടരണമെന്ന് ഉപദേശിച്ചു. അതിനിടെ അപ്രതീക്ഷിതമായി ഇരുമ്പുകമ്പി കൊണ്ടു പ്രതികൾ ആക്രമിക്കുകയായിരുന്നു. തടയാൻ ചെന്ന ലേഖയ്ക്കും മർദനമേൽക്കുകയായിരുന്നു.

## കെ സുധാകരന്റെ കേരളയാത്ര ജനുവരിയിൽ; പ്രതിപക്ഷ നേതാവുമൊത്ത് ജില്ലാ പര്യടനം ഈ മാസം

തിരുവനന്തപുരം: ലോക്സഭ തെരഞ്ഞെടുപ്പിന് മുന്നോടിയായി കെപിസിസി പ്രസിഡന്റ് കെ സുധാകരന്റെ കേരളയാത്ര ജനുവരിയിൽ നടക്കും. എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒരിടത്തു സ്വീകരണമുണ്ടാകും. കോൺ?ഗ്രസ് നേതാക്കൾ നയിക്കുന്ന ഏഴ് മേഖലാ ജാഥകൾ ഡിസംബറിൽ നടക്കും.

സർക്കാരിനെതിരായ പ്രചാരണ പരിപാടികൾക്കായി ഈ മാസം 19 മുതൽ നവംബർ 17 വരെ കെപിസിസി പ്രസിഡന്റും പ്രതിപക്ഷ നേതാവും ചേർന്നു ജില്ലാ പര്യടനം നടത്തും. ഡിസംബറിൽ ഉമ്മൻ ചാണ്ടിയുടെ പേരിൽ കുടുംബസംഗമം സംഘടിപ്പിക്കാനും കോൺഗ്രസ് രാഷ്ട്രീയകാര്യ സമിതിയിലും നിർവാഹക സമിതിയിലും തീരുമാനമായി.

പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നു നിക്ഷേപം സ്വീകരിച്ചു കരുവന്നൂർ ബാങ്കിന്റെ നഷ്ടം നികത്താനുള്ള സർക്കാർ തീരുമാനത്തോടു യുഡിഎഫിന്റെ ബാങ്കുകൾ സഹകരിക്കില്ല. മണ്ഡലം പുനഃസംഘടന 85% പൂർത്തിയായെന്നും സുധാകരൻ അറിയിച്ചു. കെപിസിസി പ്രസിഡന്റും പ്രതിപക്ഷ നേതാവും ജില്ലാ പര്യടനത്തിന്റെ ഭാഗമായി നവംബർ നാലിനു കോട്ടയത്തെത്തും. ഏഴിനാണ് ഇടുക്കിയിലെ പര്യടനം.

## പരസ്പരം ഐക്യം ഇല്ലെങ്കിലും അണികളെ ബോധ്യപ്പെടുത്താനെങ്കിലും കഴിയണം; തുറന്നടിച്ച് എകെ ആന്റണി

തിരുവനന്തപുരം: കെപിസിസി പ്രസിഡന്റെ കെ സുധാകരനും പ്രതിപക്ഷ നേതാവ് വിഡി സതീശനുമെതിരെ തുറന്നടിച്ച് എകെ ആന്റണി. പരസ്പരം ഐക്യം ഇല്ലെങ്കിലും അണികളെ ബോധ്യപ്പെടുത്താനെങ്കിലും കഴിയണം എന്നാണ് മുതിർന്ന നേതാവ് പറഞ്ഞത്. കെപിസിസി നേതൃയോഗത്തിലായിരുന്നു വിമർശനം. പാർട്ടിയുടെ നേതൃത്വം എന്നാൽ സുധാകരനും സതീശനുമാണ്. ഇരുവരുമാണ് ഐക്യം കൊണ്ടുവരേണ്ടത്. അതില്ലെങ്കിലും അണികളെ ബോധ്യപ്പെടുത്താനെങ്കിലും കഴിയണമെന്ന് ആൻറണി പറഞ്ഞു. പുതുപ്പള്ളി വിജയത്തിനു പിന്നാലെ നടത്തിയ പ്രസ്മീറ്റിനിടെ ഉണ്ടായ പരസ്യമായ അനൈക്യത്തെ ചൂണ്ടിയായിരുന്നു പ്രവർത്തക സമിതിയംഗം എ കെ ആൻറണിയുടെ വിമർശനം.

പ്രവർത്തകരുടെ വികാരം ഉൾക്കൊണ്ടുപ്രവർത്തിക്കുമെന്നും ഉത്തരവാദിത്വത്തിൽ ഭംഗം വരുത്തില്ലെന്നും വി ഡി സതീശൻ യോഗത്തിൽ പറഞ്ഞു. ആൻറണിയുടെ വാക്കുകൾ ഉപദേശമായി കണ്ടാൽ മതിയെന്നായിരുന്നു വാർത്താസമ്മേളനത്തിൽ കെ സുധാകരൻറെ മറുപടി.

# നിയമന തട്ടിപ്പ് കേസ്; മുഖ്യപ്രതി അഖിൽ സജീവ് പിടിയിൽ



തിരുവനന്തപുരം: ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട നിയമന തട്ടിപ്പു കേസിലെ മുഖ്യപ്രതിയെന്ന് സംശയിക്കുന്ന അഖിൽ സജീവ് അറസ്റ്റിൽ. തമിഴ്നാട്ടിലെ തേനിയിൽനിന്നാണ് ഇയാൾ പിടിയിലായത്. മലപ്പുറം, പത്തനംതിട്ട എന്നിവിടങ്ങളിൽനിന്നുള്ള പ്രത്യേക പൊലീസ് സംഘമാണ് അഖിലിനെ അറസ്റ്റ് ചെയ്തത്.പത്തനംതിട്ട സ്റ്റേഷനിൽ 2021 ൽ രജിസ്റ്റർ ചെയ്ത തട്ടിപ്പ് കേസുകളിലാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. നിയമന കോഴക്കേസിൽ തിരുവനന്തപുരം കണ്ടോൻമെന്റ് പൊലീസാണ് അന്വേഷണം നടത്തുന്നത്. പത്തനംതിട്ടയിലെ കേസിൽ കോടതിയിൽ ഹാജരാക്കിയ ശേഷമാകും തിരുവനന്തപുരം കണ്ടോൻമെന്റ് പൊലീസ് അഖിൽ സജീവിനെ കസ്റ്റഡിയിൽ വാങ്ങുക.നിയമന തട്ടിപ്പുകേസിലെ മറ്റ് പ്രതികൾക്ക് അഖിലുമായുള്ള ബന്ധം, ഇത് സംബന്ധിച്ചുള്ള ചോദ്യം ചെയ്യൽ എന്നിവ കഴിഞ്ഞ ദിവസങ്ങളിൽ പൂർത്തിയായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അഖിലാണ് നിയമനത്തട്ടിപ്പിൽ മുഖ്യപങ്ക് വഹിച്ചതെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു. ചെന്നൈയിലേക്ക് കടന്ന അഖിൽ പിന്നീട് തേനിയിലെത്തിയപ്പോഴാണ് പിടിയിലായത്.

ഹോമിയോ ഡോക്ടർ നിയമനത്തിനായി ആരോഗ്യമന്ത്രിയുടെ പഴ്സണൽ സ്റ്റാഫിന് പണം നൽകാമെന്ന് അഖിൽ സജീവാണ് തന്നോട് പറഞ്ഞതെന്ന് ഹരിദാസൻ പൊലീസിന് മൊഴി നൽകിയിരുന്നു. അഡ്വാൻസായി തുക നൽകിയെങ്കിലും നിയമനം നടക്കാത്തതിനാൽ ഹരിദാസൻ ഏപ്രിൽ 9ന് തിരുവനന്തപുരത്തെത്തി. 10ന് സെക്രട്ടേറിയറ്റിന് പുറത്തുവച്ച് അഖിൽ മാത്യുവിനെ കണ്ടെന്നും ഒരു ലക്ഷം രൂപ നൽകിയെന്നുമാണ് ഹരിദാസൻ പറയുന്നത്. അഖിൽ സജീവ് ഒരു തവണയാണ് അഖിൽ മാത്യുവിന്റെ ഫോട്ടോ ഹരിദാസനെ കാണിച്ചത്. സെക്രട്ടേറിയറ്റിനു മുന്നിൽവച്ച് കണ്ടത് അഖിൽമാത്യുവാണോ എന്ന് ഹരിദാസന് ഉറപ്പില്ല. അയാളാണെന്ന വിശ്വാസത്തിലാണ് പണം നൽകിയതെന്നു ഹരിദാസൻ പറയുന്നു. മറ്റൊരാളെ കാണിച്ച് അഖിൽ സജീവ് തട്ടിപ്പ് നടത്തിയതായി പൊലീസ് സംശയിക്കുന്നു.അഖിൽ മാത്യുവിനെ ഹരിദാസൻ കണ്ടിട്ടില്ലെന്നാണ് ഫോൺ പരിശോധിച്ചപ്പോൾ പൊലീസിനു മനസിലായത്. സെക്രട്ടേറിയറ്റിലെ സിസിടിവി പരിശോധിക്കാൻ പൊലീസ് കത്തു നൽകിയിട്ടുണ്ട്. സെക്രട്ടേറിയറ്റ് അനക്സ് രണ്ടിലാണ് വീണാ ജോർജിന്റെ ഓഫിസ്. ഈ കെട്ടിടത്തിൽ 100 സിസിടിവികൾ സ്ഥാപിച്ചിട്ടുള്ളതായി പൊതുഭരണ വകുപ്പ് പറയുന്നു. ഏപ്രിൽ 9, 10 തീയതികളിൽ സെക്രട്ടേറിയറ്റിൽ അഖിൽ മാത്യുവിനെ കാണാനെത്തിയെന്നാണ് ഹരിദാസന്റെ മൊഴി.




തൊഴിൽ മേളയോടനുബന്ധിച്ച് നടത്തിയ വാർത്താസമ്മേളനം

## കേരളത്തിലെ ഏറ്റവും വലിയ തൊഴിൽ മേള ഒക്ടോബർ 14,15ന്

കോഴിക്കോട്: കേരള നോളജ് എക്കണോമി മിഷനും ഐസിടി അക്കാദമിയും ബിസിനസ് നെറ്റ്‌വർക്ക് ഇന്റർ നാഷണലും ചേർന്ന് സംഘടിപ്പിക്കുന്ന തൊഴിൽ മേള 14,15 തിയതികളിൽ സെന്റ് സെവ്യേഴ്സ് ആർട്ട്സ് ആന്റ് സയൻസ് കോളേജിൽ നടക്കുമെന്ന് അധികൃതർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

തൊഴിലന്വേഷകരായ ആയിരത്തോളം ചെറുപ്പക്കാരും കമ്പനികളെയും സ്ഥാപനങ്ങളെയും പ്രതിനിധീകരിച്ചെത്തുന്ന തൊഴിൽ ദാതാക്കളുമാണ് ഈ പരിപാടിയിൽ പങ്കെടുക്കുന്നത്. ഐ.ടി, നോൺ ഐടി, മാനേജ്മെന്റ്, ഹോസ്പിറ്റാലിറ്റി, ഓട്ടോ മൊബൈൽസ് തുടങ്ങിയ മേഖലകളിൽ നിന്നായി 250ഓളം കമ്പനികളാണ് തൊഴിൽ ദായകരായി എത്തുന്നത്. 14ന് രാവിലെ 8 മണിയോടെ തൊഴിൽ മേളയുടെ രജിസ്ട്രേഷൻ ആരംഭിക്കും. തൊഴിലന്വേഷകരും തൊഴിൽ ദായകരുമായുള്ള അഭിമുഖ പരിപാടികൾ 9.30ഓടെ തുടങ്ങും. 14ന് ടൂറിസം പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസ് തൊഴിൽ മേളയുടെ ഉദ്ഘാടനം നിർവ്വഹിക്കും. കേരള നോളജ് എക്കണോമി മിഷൻ ഡയറക്ടർ ഡോ.ശ്രീകല മുഖ്യ പ്രഭാഷണം നടത്തും.

വാർത്താസമ്മേളനത്തിൽ ബിഎൻഐ കാലിക്കറ്റ്, കണ്ണൂർ, വയനാട്, കാസർകോട് റീജിയൻ, എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ.എ.എം.ശരീഫ്, ഷിജു ചേമ്പ്ര, ഗ്ലോറിയസ് പ്രതിനിധികളായ എഞ്ചി.നൂറുദ്ദീൻ, ആയിഷ സമീഹ, കെകെഇഎം-ഐസിടി പ്രൊജക്ട് കോ-ഓർഡിനേറ്റർ മുനീറ എന്നിവർ പങ്കെടുത്തു.

## പുതുപ്പള്ളിയിൽ എം.എൽ.എ ഓഫീസ് തുറന്ന് ചാണ്ടി ഉമ്മൻ

പുതുപ്പള്ളി: ചാണ്ടി ഉമ്മൻ പുതുപ്പള്ളിയിൽ എം.എൽ.എ ഓഫീസ് തുറന്നു.

പുതുപ്പള്ളിയിൽ എം.എൽ.എ ഓഫീസ് ഇല്ലെന്ന രാഷ്ട്രീയ ആരോപണത്തിന് ഇതോടെ പരിഹാരമാകുമെന്നാണ് പ്രതീക്ഷ. താമസിക്കുന്നതിനും ആളുകളെ കാണുന്നതിനും പുതുതായി വാടകയ്ക്ക് എടുത്ത വീട്ടിൽ സൗകര്യമുണ്ട്. അര നൂറ്റാണ്ടിനു ശേഷമാണ് പുതുപ്പള്ളിയിൽ എം.എൽ.എ ഓഫീസ് പ്രവർത്തിക്കുന്നത്.

പുതുപ്പള്ളി - കറുകച്ചാൽ റോഡിൽ ചാലുങ്കൽപ്പടിയിലാണ് പുതിയ ഓഫീസ്.പുതിയ വാടക കെട്ടിടത്തിലായിരിക്കും ഇനി ചാണ്ടി ഉമ്മൻ എം.എൽ.എ താമസിക്കുന്നതും ഓഫീസായി ഉപയോഗിക്കുകയും ചെയ്യുക. കരോട്ടുവള്ളക്കാല കുടുംബ വീട്ടിലായിരുന്നു ഉമ്മൻ ചാണ്ടി ആളുകളെ കണ്ടിരുന്നത്.



പ്രതിയുമായി തെളിവെടുപ്പ് നടത്തുന്നു

## രാത്രി അർധനഗ്നനായെത്തി നഗരത്തിന്റെ ഉറക്കം കെടുത്തുന്ന മോഷ്ടാവ്; സ്വർണം മതി, ഫോൺ വേണ്ട, ആരെയും ആക്രമിക്കില്ല

കണ്ണൂർ : കഴിഞ്ഞ 2 വർഷമായി കണ്ണൂർ നഗരത്തിന്റെ ഉറക്കം കെടുത്തിയ മോഷണക്കേസ് പ്രതി പിടിയിൽ. വീടുകളിൽ രാത്രി അർധനഗ്നനായെത്തി കവർച്ച നടത്തിയിരുന്ന കോട്ടയം കാഞ്ഞിരപ്പള്ളി സ്വദേശിയും തളിപ്പറമ്പ് പൂവത്ത് താമസക്കാരനുമായ പുത്തൻവീട്ടിൽ ഷാജഹാൻ എന്ന ബൈജുവാണു(58) ടൗൺ പൊലീസിന്റെ പിടിയിലായത്. കഴിഞ്ഞ ദിവസം രാത്രി കണ്ണൂർ നഗരത്തിൽ നിന്ന് ഇൻസ്പെക്ടർ പി.എ.ബിനു മോഹന്റെ നേതൃത്വത്തിലുള്ള സംഘമാണ് അറസ്റ്റ് ചെയ്തത്.

സ്വർണം മതി, ഫോൺ വേണ്ട 2006ലാണ് ഇയാൾ മോഷണം ആരംഭിക്കുന്നത്. കാഞ്ഞങ്ങാടും മാഹിയിലും 3 വീതവും ആലപ്പുഴയിലും കോട്ടയത്തും തലശ്ശേരിയിലും 2 വീതവും കണ്ണൂർ ടൗൺ പൊലീസ് സ്റ്റേഷനിൽ നാലും കേസുകളിൽ പ്രതിയാണ് ഇയാളെന്നു പൊലീസ് പറയുന്നു. കളവു കേസിൽ ശിക്ഷിക്കപ്പെട്ട് 2009ൽ ജയിലിലായി 12 വർഷത്തിനു ശേഷമാണു മോചിതനായത്. തുടർന്നു വീണ്ടും മോഷണം നടത്തുകയായിരുന്നു. കാഞ്ഞങ്ങാട്ടെ വീട്ടിൽ നിന്ന് 35 പവൻ സ്വർണാഭരണം കവർന്നതാണ് ഇയാളുടെ വലിയ കവർച്ച. മോഷണത്തിനിടെ ആരെയും ആക്രമിച്ചിട്ടില്ല. സ്വർണവും പണവും മാത്രമേ മോഷ്ടിക്കൂ. മോഷണ മുതലായ സ്വർണവും വെള്ളിയും ഭാര്യയുടേതാണെന്നും വീടുപണി ആവശ്യത്തിനാണു വിൽക്കുന്നതെന്നും ജ്വല്ലറി ജീവനക്കാരെ വിശ്വസിപ്പിച്ചാണു വിൽപന. 2 മാസം മുൻപു താണയിലെ വീട്ടിൽ നിന്ന് 14 പവൻ സ്വർണം, തുളിച്ചേരിയിലെ വീട്ടിൽ നിന്ന് 10 പവൻ, കഴിഞ്ഞ മാസം താണയിലെ വീട്ടിൽ നിന്ന് നാലര പവന്റെ ഡയമണ്ട് നെക്‌ലേസ് എന്നിവ മോഷ്ടിച്ചതും ഇയാളാണെന്നു പൊലീസ് പറഞ്ഞു. ഇയാൾ 24 വർഷമായി പൂവത്ത് ഭാര്യയ്ക്കൊപ്പം താമസിച്ചു വരികയായിരുന്നു.

## പൊറോട്ടയും ബീഫും കടമായി നൽകിയില്ല; ഭക്ഷണത്തിൽ മണ്ണുവാരിയിട്ടു, ചിക്കൻ കറി റോഡിലേക്കെറിഞ്ഞു: യുവാവ് അറസ്റ്റിൽ

കൊല്ലം: പൊറോട്ടയും ബീഫ് ഫ്രൈയും കടമായി നൽകാത്തതിൽ ഹോട്ടലിന് നേരെ യുവാവിന്റെ ആക്രമണം. ഭക്ഷണത്തിൽ മണ്ണു വാരിയിടുകയും കറികൾ റോഡിലേക്ക് വലിച്ചെറിയുകയും ചെയ്തു. കൊല്ലം എഴുകോണിലെ അക്ഷര ഹോട്ടലിൽ ബുധനാഴ്ചയാണ് സംഭവമുണ്ടായത്. കൊല്ലം സ്വദേശി അനന്തുവിനെ പൊലീസ് അറസ്റ്റ് ചെയ്തു.ബുധനാഴ്ച ഹോട്ടലിലെത്തിയ അനന്തു പത്ത് പൊറോട്ടയും മൂന്ന് പ്ലേറ്റ് ബീഫ് ഫ്രൈയും പാഴ്സൽ നൽകാൻ ആവശ്യപ്പെട്ടു. കടയുടമ ഭക്ഷണം പൊതിഞ്ഞു നൽകി. എന്നാൽ ഭക്ഷണത്തിന്റെ പണം ആവശ്യപ്പെട്ട ഹോട്ടൽ ഉടമയോട് പണം പിന്നീട് നൽകാമെന്ന് ഇയാൾ മറുപടി പറഞ്ഞു. മുൻപ് കടമായി വാങ്ങിയ ഭക്ഷണത്തിന്റെ പൈസ



തരാത്തതിനാൽ ഭക്ഷണം നൽകാൻ സാധിക്കില്ലെന്ന് ഉടമ പറഞ്ഞു. ഇതിൽ പ്രകോപിതനായ ഇയാൾ അക്രമം നടത്തുകയായിരുന്നു. പൊറോട്ട അടിക്കുന്നതിനായി എടുത്ത് വച്ച മൈദ മാവിലും കറികളിലും യുവാവ് മണ്ണ് വാരിയിട്ടു. ഇറച്ചിക്കറിയും പാത്രങ്ങളും റോഡിലേക്കറിഞ്ഞു. കടയുടമയായ രാധയെ ഇയാൾ അധിക്ഷേപിക്കുകയും അക്രമിക്കുകയും ചെയ്തു. നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയുമാണ് പിടിയിലായ അനന്തു.

## വിവാഹ വാഗ്ദാനം നൽകി ലൈംഗിക പീഡനം; നടൻ ഷിയാസ് കരീമിന് ഇടക്കാല ജാമ്യം

കൊച്ചി: വിവാഹ വാഗ്ദാനം നൽകിയ പീഡിപ്പിച്ചെന്ന യുവതിയുടെ പരാതിയിൽ അറസ്റ്റിലായ സിനിമാ, റിയാലിറ്റി ഷോ താരം എറണാകുളം പെരുമ്പാവൂർ സ്വദേശി ഷിയാസ് കരീമിന് ഇടക്കാലജാമ്യം.

ഹൈക്കോടതിയാണ് ജാമ്യം അനുവദിച്ചത്. ഇന്ന് ചെന്നൈ വിമാനത്താവളത്തില് വച്ചാണ് ഷിയാസ് കരീമിനെ പൊലീസ് പിടികൂടിയത്.

ഗൾഫിൽ നിന്നെത്തിയ ഷിയാസിനെ കസ്റ്റംസ് ചെന്നൈ വിമാനത്താവളത്തിൽ തടഞ്ഞുവയ്ക്കുകയായിരുന്നു. തുടർന്ന് പൊലീസ സംഘം ചെന്നൈയിൽ എത്തി ഷിയാസിന്റെ അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു.

ജിമ്മിൽ പരിശീലകയായ പടന്ന സ്വദേശിനിയുടെ പരാതിയിലാണ് ചന്തേര പൊലീസ് ഷിയാസിനെതിരെ കേസെടുത്തത്.



പണം തട്ടിയെടുത്തെന്നും കയ്യേറ്റം ചെയ്തെന്നും പരാതിയിൽ പറയുന്നു. വിവാഹബന്ധം വേർപിരിഞ്ഞ 32 വയസുകാരിക്ക് വിവാഹ വാദ്ഗാനം നൽകുകയും 2021 മുതൽ 2023 മാർച്ച് വരെ എറണാകുളത്തെ ലോഡ്ജിലും മൂന്നാറിലും വച്ച് പീഡിപ്പിക്കുകയും ചെയ്തെന്നാണു പരാതി.

ഷിയാസ് കരീം മറ്റൊരു വിവാഹത്തിന് ഒരുങ്ങുന്നതിനിടെയാണു യുവതി പരാതിയുമായി എത്തിയത്. പല തവണകളായി 11 ലക്ഷം രൂപ കൈക്കലാക്കിയതായും ചെറുവത്തൂരിൽ വച്ച് കയ്യേറ്റം ചെയ്തതായും പരാതിയിലുണ്ട്.

# 'മോദിയുടെ താരമൂല്യം ഇടിഞ്ഞു; രാഹുലിനെ രാവണനാക്കിയതിൽ കോൺഗ്രസ് പ്രതിഷേധം

തിരുവനന്തപുരം: രാഹുൽ ഗാന്ധിയെ രാവണനായി ചിത്രീകരിച്ച് ആക്രമണത്തിന് ആഹ്വാനം ചെയ്ത ബി.ജെ.പക്കെതിരേ കോൺഗ്രസ് പ്രതിഷേധം. ബിജെപിയുടെ ഫാസിസ്റ്റ് നടപടിയിൽ പ്രതിഷേധിച്ച് എഐസിസി ആഹ്വാനം അനുസരിച്ച് ഡി.സി.സികളുടെ നേതൃത്വത്തിൽ വെള്ളിയാഴ്ച കോൺഗ്രസ് പ്രവർത്തകർ നരേന്ദ്ര മോദിയുടെയും അമിത് ഷായുടെയും കോലം കത്തിച്ച് സംസ്ഥാനവ്യാപകമായി പ്രതിഷേധ പ്രകടനങ്ങൾ സംഘടിപ്പിക്കുമെന്ന് കെപിസിസി ജനറൽ സെക്രട്ടറി ടി.യു. രാധാകൃഷ്ണൻ അറിയിച്ചു.



### രാഹുലിനെ ഭയമെന്ന് കെ.സുധാകരൻ

ബിജെപിക്കും സംഘപരിവാർ സംഘടനകൾക്കും രാഹുൽ ഗാന്ധിയെ ഭയമായതിനാലാണ് അദ്ദേഹത്തെ രാവണനായി ചിത്രീകരിച്ച് ആക്രമിക്കുന്നതിനായി ആഹ്വാനം ചെയ്തതെന്ന് കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ എംപി പറഞ്ഞു.

മോദിയുടെ താരമൂല്യം ഇടിയുകയും ദേശീതലത്തിൽ ബിജെപിയുടെ പ്രസക്തി മങ്ങുകുകയും ചെയ്ത സാഹചര്യത്തിലാണ് രാഹുൽ ഗാന്ധിയെ ഇല്ലാതാക്കാനുള്ള ശ്രമം ബിജെപി ക്യാമ്പ് തുടങ്ങിയതെന്നും അദ്ദേഹം വിമർശിച്ചു.

ബിജെപിയുടെ ഔദ്യോഗിക സാമൂഹ്യമാധ്യമ പേജിൽ രാഹുൽ ഗാന്ധിയെ രാവണനായി ചിത്രീകരിച്ച് പങ്കുവെച്ച ചിത്രം ഗൗരവമേറിയതാണ്. ഇതിലൂടെ ബിജെപി രാഹുൽ ഗാന്ധിയുടെ ജീവൻതന്നെ അപായപ്പെടുത്താനുള്ള ആഹ്വാനമാണ് പങ്കുവെച്ചിരിക്കുന്നത്. ഇതിനെ കോൺഗ്രസ് ഗൗരവത്തോടെയാണ് കാണുന്നത്. ഗാന്ധി കുടുംബത്തിൽ നിന്ന് ഒരുതുള്ളി ചോരപൊടിയാൻ രാജ്യത്തെ കോൺഗ്രസ് പ്രവർത്തകർ അനുവദിക്കില്ല. ബിജെപിയുടെ അക്രമ ആഹ്വാനത്തിനെതിരെ രാജ്യത്തെ മതേതര ജനാധിപത്യവിശ്വാസികൾ പ്രതിഷേധിക്കണമെന്നും സുധാകരൻ ആവശ്യപ്പെട്ടു.

### ബിജെപി-കോൺഗ്രസ് പോസ്റ്റർ യുദ്ധം

പ്രധാനമന്ത്രി നരേന്ദ്രമോദി ഏറ്റവുംവലിയ നുണയനെന്ന് കോൺഗ്രസ് കഴിഞ്ഞദിവസം സാമൂഹികമാധ്യമങ്ങളിൽ പോസ്റ്റിട്ടതിനുപിന്നാലെയാണ് രാഹുൽഗാന്ധിയെ രാവണനായി ചിത്രീകരിച്ച് ബി.ജെ.പി എക്സിൽ കുറിപ്പിട്ടത്. ഭാരത് ജോഡോ യാത്രയിലെ താടിയോടെയുള്ള രാഹുലിന്റെ ഫോട്ടോ പത്തുതലകളാക്കിയായിരുന്നു ബി.ജെ.പി.യുടെ വിമർശനം. കോൺഗ്രസ് പാർട്ടിയുടെ നിർമാണം, ജോർജ് സോറോസിന്റെ സംവിധാനം എന്ന അടിക്കുറിപ്പോടെ 'പുതിയ തലമുറയിലെ രാവണൻ ഇതാ' എന്നാണ് ബി.ജെ.പി. എക്സിൽ പോസ്റ്റർ പരിചയപ്പെടുത്തിയത്. ധർമവിരുദ്ധൻ, രാമവിരുദ്ധൻ, ഭാരതത്തിന്റെ തകർച്ച ലക്ഷ്യം എന്നും പോസ്റ്റിൽ വിശദീകരിച്ചിരുന്നു.ഇത് വ്യാപകമായി പ്രചരിച്ചതോടെ പോസ്റ്ററിനെതിരേ നിശിതവിമർശനവുമായി കോൺഗ്രസ് നേതാക്കൾ രംഗത്തെത്തി.

ബി.ജെ.പി.യുടെ വിദ്വേഷ ആശയത്തിന്റെ വിമർശകനായ രാഹുൽഗാന്ധിയെ ഇല്ലാതാക്കുകയാണ് ബി.ജെ.പി.യുടെ ലക്ഷ്യമെന്ന് കെ.സി. വേണുഗോപാലും രാഹുലിനെതിരേ അക്രമം പ്രോത്സാഹിപ്പിക്കാനുദ്ദേശിച്ചുള്ളതാണ് ഇതെന്ന് ജയറാം രമേഷും ആരോപിച്ചിരുന്നു.

## മതാചാരം അനുസരിച്ച് വസ്ത്രം ധരിക്കാൻ എല്ലാവർക്കും അവകാശമുണ്ട് വി. ശിവൻകുട്ടി

കോഴിക്കോട്: ഓരോ മത വിഭാഗങ്ങൾക്കും അവരുടെ ആചാരം അനുസരിച്ച് വസ്ത്രം ധരിക്കാനുള്ള അവകാശമുണ്ടെന്ന് മന്ത്രി വി.ശിവൻകുട്ടി. കേരളത്തിലെ വിദ്യാലയങ്ങളിൽ യൂണിഫോമിനൊപ്പം തട്ടവും അനുവദനീയമാണ്.വസ്ത്രം ധരിക്കുന്നത് ഓരോരുത്തരുടെയും ഇഷ്ടമാണ്. കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാരെ കണ്ടശേഷമായിരുന്നു മന്ത്രിയുടെ പ്രതികരണം.

അതേസമയം, അനിൽകുമാറിന്റെ തട്ടം പരാമർശത്തിൽ സി.പി.എം നിലപാട് വ്യക്തമാക്കണമെന്ന് കോൺഗ്രസ് നേതാവ് തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു.



തട്ടം സംബന്ധിച്ച് ധ്രുവീകരണം ഉണ്ടാക്കുന്ന പ്രസ്താവനയാണ് സി.പി.എം നേതാവ് അനിൽകുമാറിൽ നിന്ന് ഉണ്ടായിട്ടുള്ളതെന്ന് എസ്.വൈ.എസ് നേതാവ് അബ്ദുസമദ് പൂക്കോട്ടൂരും പറഞ്ഞു. സമസ്ത ഇടതുപക്ഷത്തോട് അടുക്കുന്നില്ല. ആനുകൂല്യങ്ങൾ നേടി എടുക്കാനായി സർക്കാറിനെ സമീപിക്കുന്നത് സ്വാഭാവികമാണെന്നും അബ്ദുസമദ് പൂക്കോട്ടൂർ പറഞ്ഞു.

## മോഷ്ടിച്ച നോട്ടുകൾ കിടക്കയിൽ വാരിയിട്ട് ഇൻസ്റ്റഗ്രാം റീൽ; വൈറൽ, പിന്നാലെ പൊലീസ് പൊക്കി

കാൺപൂർ: മോഷ്ടിച്ച നോട്ടുകളുടെ റീലുണ്ടാക്കി ഇൻസ്റ്റഗ്രാമിൽ പോസ്റ്റു ചെയ്തതിന് പിന്നാലെ മോഷണം സംഘം പൊലീസ് പിടിയിൽ.

യുപിയിലെ കാൺപൂരിലാണ് സംഭവം. തരുൺ ശർമ എന്ന ജ്യോത്സ്യന്റെ വീട്ടിൽ കഴിഞ്ഞ ദിവസമാണ് മോഷണം നടന്നത്. വീട്ടിലെ സിസിടിവി പരിശോധിച്ചെങ്കിൽ മോഷ്ടാക്കളെ തിരിച്ചറിയാൻ പൊലീസിന് കഴിഞ്ഞില്ല.

ഇതിനിടെയാണ് മോഷ്ടക്കൾക്ക് ഇൻസ്റ്റഗ്രാം റീൽ ഉണ്ടാക്കാൻ തോന്നിയത്. മോഷ്ടിച്ച നോട്ടുകൾ താമിസിക്കുന്ന ഹോട്ടൽമുറിയിലെ കിടക്കയിൽ വാരിനിരത്തി വിഡിയോ ചിത്രീകരിച്ചു. കാമറ പിടിച്ചിരുന്ന ആളുടെ കയ്യിലും അഞ്ഞൂറു രൂപ നോട്ടുകൾ ഉണ്ടായിരുന്നു. വിഡിയോ വലിയതോതിൽ വൈറലായതോടയാണ് പൊലീസ് വിഡിയോ ശ്രദ്ധിക്കുന്നത്. ഡിജിറ്റൽ ട്രാക്കിങ്ങിലൂടെ പൊലീസ് മോഷ്ടാക്കളെ കണ്ടെത്തി. ഇവരുടെ പക്കൽ നിന്നും രണ്ട് ലക്ഷം രൂപയും രണ്ട് മൊബൈൽ ഫോണുകളും പൊലീസ് പിടിച്ചെടുത്തു.

തരുൺ ശർമയുടെ വീട്ടിലും മോഷണം നടത്തിയത് ഇതേ സംഘമാണെന്ന് പൊലീസ് വ്യക്തമാക്കി.

## മുംബൈയിൽ ബഹുനില കെട്ടിടത്തിൽ തീപിടിത്തം; 7 മരണം, 40 പേർക്ക് പരുക്ക്

മുംബൈ: മുംബൈയിൽ ബഹുനില കെട്ടിടത്തിലുണ്ടായ തീപിടിത്തത്തിൽ 7 പേർ മരിച്ചു. അപകടത്തിൽ 40 പേർക്ക് പരുക്കേറ്റു. ഇവരിൽ 2 പേരുടെ നില ഗുരുതരമാണ്. വെള്ളിയാഴ്ച പുലർച്ചെ മൂന്നു മണിയോടെയായിരുന്നു അപകടം. ഗൊരേഗാവിൽ ജയ് ഭവാനി എന്ന അഞ്ചുനില കെട്ടിടത്തിലായിരുന്നു അപകടം.അപകടത്തെ തുടർന്ന് താഴത്തെ നിലയിൽ കടമുറികളിലേക്കും പാർക്കുചെയ്തിരുന്ന വാഹനങ്ങളിലേക്കും തീപടർന്നു. ഇതോടെ മുകളിൽ നിലയിൽ പലരും കുടുങ്ങിക്കിടക്കുകയാണ്. അഗ്നിരക്ഷാ സേനയുടെ നേതൃത്വത്തിൽ എട്ടു യൂണിറ്റ് ഫയർ എൻജിനുകൾ പ്രവർത്തിപ്പിച്ച് പുലർച്ചെ ഏഴോടെയാണ് തീ നിയന്ത്രിക്കാനായത്. തീപിടിത്തത്തിന്റെ കാരണം സംബന്ധിച്ച് അന്വേഷണം ആരംഭിച്ചു.

## അമേരിക്കയിൽ നാലംഗ ഇന്ത്യൻ കുടുംബം വീടിനുള്ളിൽ മരിച്ചനിലയിൽ, അന്വേഷണം

ന്യൂയോർക്ക്: അമേരിക്കയിലെ ന്യൂജേഴ്സിയിൽ നാലംഗ ഇന്ത്യൻ കുടുംബത്തെ വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തി. തേജ് പ്രതാപ് സിങ് (43), ഭാര്യ സോണൽ പരിഹർ (42) എന്നിവരും അവരുടെ 10 വയസ്സുള്ള മകനും 6 വയസ്സുള്ള മകളുമാണ് മരിച്ചത്. ന്യൂജേഴ്സിയിലെ പ്ലെയിൻസ്ബോറോയിൽ വ്യാഴാഴ്ചയാണ് സംഭവം. പൊലീസെത്തി പരിശോധിച്ചപ്പോഴാണ് മൃതദേഹം കണ്ടെത്തുന്നത്. എപ്പോഴാണ് മരണം സംഭവിച്ചതെന്ന് പൊലീസ് അന്വേഷിച്ചു വരികയാണ്. മരണകാരണം സ്ഥിരീകരിച്ചിട്ടില്ല. പ്രദേശം ഇന്ത്യക്കാർ കൂടുതലായി താമസിച്ചു വരുന്ന സ്ഥലമാണ്. ന്യൂയോർക്ക് കേന്ദ്രമായി പ്രവർത്തിക്കുന്ന കമ്പനിയിലെ ടെക്നോളജി എക്സിക്യൂട്ടീവ് ആണ് പ്രതാപ് സിങ്. പോസ്റ്റ്മോർട്ടത്തിന് ശേഷം മാത്രമേ മരണം സംബന്ധിച്ച് കൂടുതൽ വ്യക്തത വരികയുള്ളൂ എന്നാണ് പൊലീസ് പറയുന്നത്.

## കശ്മീരിൽ മേജർ സഹസൈനികർക്കുനേരെ വെടിയുതിർത്തു; ആറുപേർക്ക് പരിക്ക്

ശ്രീനഗർ: ജമ്മു കശ്മീരിൽ സഹസൈനികർക്കുനേരെ വെടിയുതിർത്ത് മേജർ പദവിയിലുള്ള സൈനികൻ.

രജൗരി ജില്ലയിലെ സൈനിക ക്യാംപിലാണു സംഭവം. സൈനികർക്കുനേരെ ഗ്രനേഡ് എറിഞ്ഞതായും റിപ്പോർട്ടുണ്ട്. ആക്രമണത്തിൽ ആറു സൈനികർക്ക് പരിക്കേറ്റു.

ഇന്നലെ താനാമണ്ടിയിലെ നീലി പോസ്റ്റിനു സമീപം നടന്ന ഷൂട്ടിങ് പരിശീലനത്തിനിടെയാണ് ഒരു പ്രകോപനവുമില്ലാതെ മുതിർന്ന ഉദ്യോഗസ്ഥൻ സഹസൈനികർക്കുനേരെ വെടിവച്ചതെന്ന് വാർത്താ ഏജൻസിയായ പി.ടി.ഐ റിപ്പോർട്ട് ചെയ്തു. തുടർന്ന് ആയുധപ്പുരയിൽ ഒളിച്ചിരിക്കുകയായിരുന്നു. ആക്രമണത്തിൽനിന്നു പിന്തിരിയാൻ പ്രേരിപ്പിച്ച സൈനികർക്കുനേരെയാണ് ഗ്രനേഡ് എറിഞ്ഞതെന്നാണ് റിപ്പോർട്ട്.

എട്ടു മണിക്കൂർ നീണ്ട സംഘർഷാവസ്ഥയ്ക്കൊടുവിൽ സൈനികൻ കീഴടങ്ങി. സുരക്ഷാ നടപടിക്രമങ്ങളുടെ ഭാഗമായി സമീപത്തെ ഗ്രാമത്തിൽനിന്നു ജനങ്ങളെ ഒഴിപ്പിച്ചിരുന്നു.

പരിക്കേറ്റവരിൽ മൂന്നുപേരുടെ നില ഗുരുതരമാണെന്നാണു വിവരം.

## അഗ്നിക്കു ചുറ്റും ഏഴുവട്ടം വലംവച്ചില്ലെങ്കിൽ ഹിന്ദുവിവാഹം അസാധുവെന്ന് അലഹാബാദ് ഹൈക്കോടതി

അലഹാബാദ്: 'സപ്തപദി' ചടങ്ങും ( അഗ്നിക്ക് ചുറ്റും ഏഴ് വട്ടം വല വയ്ക്കുക) മറ്റ് ആചാരങ്ങളും ഇല്ലാതെ നടക്കുന്ന ഹിന്ദു വിവാഹത്തിന് സാധുതയില്ലെന്ന് അലഹബാദ് ഹൈക്കോടതി. തന്നിൽ നിന്ന് വിവാഹമോചനം നേടാതെ രണ്ടാം വിവാഹം കഴിച്ച ഭാര്യക്കെതിരെ നടപടി ആവശ്യപ്പെട്ട് ഭർത്താവ് സമർപ്പിച്ച പരാതിയിലാണ് കോടതി ഇക്കാര്യം വ്യക്തമാക്കിയത്.'വിവാഹം എന്ന വാക്കിൻറെ അർത്ഥം വിവാഹവുമായി ബന്ധപ്പെട്ട്, ശരിയായ ചടങ്ങുകളോടെയും യഥാവിധി രീതിയിലും വിവാഹം നടത്തുക എന്നാണ്. അല്ലാതെ നടത്തുന്ന വിവാഹത്തെ വിവാഹം എന്നു പറയാനാകില്ല. ആ വിവാഹം സാധുവായ വിവാഹമല്ല. നിയമത്തിൻറെ കണ്ണിൽ അത് വിവാഹമല്ല. ഹിന്ദു നിയമപ്രകാരമുള്ള 'സപ്തപദി' ചടങ്ങ് സാധുതയുള്ള ഒരു വിവാഹത്തിന് ആവശ്യമായ ഘടകങ്ങളിൽ ഒന്നാണ്" ഹരജി പരിഗണിച്ചുകൊണ്ട് ജസ്റ്റിസ് സഞ്ജയ് കുമാർ പറഞ്ഞു. "പരാതിയിലും കോടതിയുടെ മുമ്പാകെയുള്ള മൊഴികളിലും സപ്തപദിയുമായി ബന്ധപ്പെട്ട് ഒരു പരാമർശവുമില്ല. ഭാര്യയ്ക്കെതിരെ മിർസാപൂർ കോടതിയിൽ നിലനിൽക്കുന്ന പരാതി കേസിൻറെ സമൻസ് ഓർഡറും തുടർ നടപടികളും കോടതി റദ്ദാക്കി.

2017ലായിരുന്നു സ്മൃതി സിംഗും സത്യ സിംഗും തമ്മിലുള്ള വിവാഹം. തുടർന്ന് സ്ത്രീധനത്തിൻറെ പേരിലുള്ള പീഡനത്തെ തുടർന്ന് സ്മൃതി ഭർത്താവിനെതിരെ കേസ് കൊടുക്കുകയായിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിനൊടുവിൽ ഭർത്താവിനും ഭർതൃമാതാവിനുമെതിരെ പൊലീസ് കുറ്റപത്രം സമർപ്പിച്ചു. പിന്നീട് ജീവനാംശത്തിനായി സമർപ്പിച്ച അപേക്ഷ പ്രകാരം മിർസാപൂർ കുടുംബ കോടതി 2021 ജനുവരി 11 ന് സ്മൃതി പുനർവിവാഹം ചെയ്യുന്നതുവരെ പ്രതിമാസം 4,000 രൂപ ജീവനാംശമായി നൽകണമെന്ന് ഭർത്താവിനോട് നിർദേശിച്ചു. ഭാര്യ രണ്ടാം വിവാഹം കഴിച്ചുവെന്ന് കാണിച്ച് 2021 സെപ്തംബർ 20ന് സത്യം സിംഗ് മറ്റൊരു പരാതി നൽകി. ഈ കേസിലാണ് വിധി.

### വീണ്ടും മിന്നൽ പ്രളയത്തിന് സാധ്യത; ജാഗ്രത നിർദേശം

# സിക്കിം പ്രളയത്തിൽ മരണസഖ്യ 19 ആയി

ഗാങ്ടോക്ക്: സിക്കിമിലെ മിന്നൽ പ്രളയത്തിൽ നാല് സൈനികർ ഉൾപ്പെടെ മരിച്ചവരുടെ എണ്ണം 19 ആയി. ആർമിയുടേയും എൻഡിആർഎഫിന്റേയും രക്ഷാപ്രവർത്തനം തുടരുന്നു. 16 സൈനികർ ഉൾപ്പെടെ നൂറിലധികം പേരെ കാണാതായി. അതേസമയം മറ്റൊരു മിന്നൽ പ്രളയത്തിന് കൂടി സാധ്യതയുണ്ടെന്നും ജാഗ്രത പാലിക്കണമെന്നും കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്.

മൂവായിരത്തിലധികം വിനോദസഞ്ചാരികൾ ഒറ്റപ്പെട്ടതായാണ് റിപ്പോർട്ടുകൾ. 2,500 പേരെ ഒഴിപ്പിച്ചു, 6,000 പേരെ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റി. വിനോദ സഞ്ചാരികൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും സൈനിക ക്യാമ്പിൽ നിന്നും ആയുധങ്ങൾ ഉൾപ്പെടെ വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയതായുംസ്ഥിതിഗതികൾ പഴയപടി ആകുന്നതുവരെ യാത്രാ നിയന്ത്രണം സ്വയം പാലിക്കണമെന്നും സിക്കിം സർക്കാർ അഭ്യർഥിച്ചു. ഷാക്കോ ചോ തടാകത്തിൽപ്രളയം ഉണ്ടാകാനിടയുള്ളതിനാൽ സമീപ പ്രദേശങ്ങളിലെ താമസക്കാരെ ഒഴിപ്പിച്ചു. ടീസ്റ്റ നദിയിലെ ചെളിയും പ്രതികൂല കാലാവസ്ഥയും രക്ഷാപ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. മൂവായിരത്തോളം പേർ ലാച്ചനിലും ലാച്ചുങ്ങിലും കുടുങ്ങിക്കിടക്കുകയാണ്. മോട്ടോർ സൈക്കിളിൽ പോയ 3,150 പേരും വെള്ളപ്പൊക്കത്തിൽ കുടുങ്ങി. ഹെലികോപ്ടറുപയോഗിച്ച് ആളുകളെ രക്ഷപെടുത്തുമെന്ന് സിക്കിം ചീഫ് സെക്രട്ടറി വിജയ് ഭൂഷൺ പതക് പറഞ്ഞു.


പ്രളയത്തിൽ മണ്ണിനടിയിലായ സൈനിക വാഹനങ്ങൾ

സിക്കിമിന്റെ മുകൾ ഭാഗത്തുള്ള ഒരു ഗ്ലേഷ്യൽ തടാകത്തിൽ മിന്നൽ പ്രളയമുണ്ടായതിനെത്തുടർന്ന് ഹിമപാളികൾ പൊട്ടിത്തെറിക്കുകയും ചുങ്താങ് അണക്കെട്ടിൽ നിന്ന് വെള്ളം തുറന്നുവിട്ടതോടെ ടീസ്റ്റ നദിയുടെ ജലനിരപ്പ് ക്രമാതീതമായി ഉയരുകയും ചെയ്തു. മംഗൻ ജില്ലയിൽ എട്ട്, നാംചിയിൽ രണ്ട്, ഗാങ്ടോക്കിൽ ഒന്ന് എന്ന കണക്കിൽ സിക്കിമിലെ 11 പാലങ്ങളാണ് വെള്ളപ്പൊക്കത്തിൽ തകർന്നത്. നാല് ജില്ലകളിലായി ജല പൈപ്പ് ലൈനുകൾ, മലിന ജല ലൈനുകൾ, 277 വീടുകൾ എന്നിവയും തകർന്നു.



## ശ്രദ്ധ കപൂർ ഇന്നു ഹാജരാകാൻ ഇ.ഡി നോട്ടിസ്; രണ്ടാഴ്ചത്തെ സാവകാശം ചോദിച്ച് രൺബീർ കപൂർ

ന്യൂഡൽഹി: മഹാദേവ് ഗെയിമിങ് ആപ്പുമായി ബന്ധപ്പെട്ട കേസിൽ ബോളിവുഡ് താരങ്ങളായ രൺബീർ കപൂറിനും ശ്രദ്ധ കപൂറിനും ഇന്നു ചോദ്യം ചെയ്യലിനു ഹാജരാകാൻ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ (ഇ.ഡി) നോട്ടിസ്. രൺബീർ കപൂർ ഇ.ഡിയോടു രണ്ടാഴ്ചത്തെ സാവകാശം ആവശ്യപ്പെട്ടപ്പോൾ ശ്രദ്ധ ഇന്നു ഹാജരാകുമോ എന്നു വ്യക്തമല്ല.കോമഡി താരം കപിൽ ശർമ, നടിമാരായ ഹുമ ഖുറേഷി, ഹിന ഖാൻ എന്നിവരെയും വിവിധ ദിവസങ്ങളിലായി ചോദ്യം ചെയ്യലിനു വിളിപ്പിച്ചിട്ടുണ്ട്. ഇവരും ഹാജരാകാൻ രണ്ടാഴ്ച സാവകാശം ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് വിവരം. കേസിൽ താരങ്ങളെ പ്രതികളാക്കിയിട്ടില്ല. എന്നാൽ ആപ്പുമായി ബന്ധപ്പെട്ട പണമിടപാടുകൾ സംബന്ധിച്ച് ഇവരോടു ചോദിച്ചറിയുകയാണ് ഇ.ഡിയുടെ ലക്ഷ്യം. ആപ്പിന്റെ പ്രചാരണത്തിനു പ്രതിഫലമായി ഹവാലപ്പണം കൈപ്പറ്റിയെന്നയാണ് ഇവർക്കെതിരായ ആരോപണം.മഹാദേവ് കമ്പനിയുടെ പ്രമോട്ടർമാരായ സൗരഭ് ചന്ദ്രകറും രവി ഉപ്പലും ആപ്പിന്റെ മറവിൽ വൻതോതിൽ കള്ളപ്പണം വെളുപ്പിച്ചെന്നും ഹവാല പണമിടപാട് നടത്തിയെന്നും ആരോപണമുണ്ട്. യുഎഇയിൽ നടന്ന സൗരഭ് ചന്ദ്രകറിന്റെ വിവാഹ പാർട്ടിയിൽ പങ്കെടുത്തതിന് താരങ്ങൾക്ക് 40 കോടി രൂപ വീതം പ്രതിഫലം നൽകിയെന്നും ഇ.ഡി ആരോപിക്കുന്നു. സണ്ണി ലിയോണി, ടൈഗർ ഷ്റോഫ്, നേഹ കക്കർ, ഭാരതി സിങ് എന്നിവർ വിവാഹവിരുന്നിൽ പങ്കെടുത്തിരുന്നു.

## ഡൽഹി പൊലീസ് നടപടിക്കെതിരെ ന്യൂസ് ക്ലിക്ക് സുപ്രിംകോടതിയിലേക്ക്; തെളിവ് ശേഖരിക്കാൻ പൊലീസ്

ന്യൂഡൽഹി: ഡൽഹി പൊലീസ് നടപടിക്ക് എതിരെ ന്യൂസ്ക്ലിക്ക് സുപ്രിംകോടതിയിലേക്ക്. എഫ്.ഐ.ആറിന്റെ പകർപ്പ് പരിശോധിച്ച ശേഷമായിരിക്കും സുപ്രിംകോടതിയെ സമീപിക്കുക. ഡൽഹി പൊലീസിന്റെ എതിർപ്പ് മറികടന്നാണ് എഫ്.ഐ.ആറിന്റെ പകർപ്പ് ന്യൂസ് ക്ലിക്കിന് നൽകാൻ കോടതി ഉത്തരവിട്ടത്. ചട്ടങ്ങൾ പാലിക്കാതെയാണ് എഡിറ്ററുടെയു എച്ച് ആർ മാനേജരുടെയും അറസ്റ്റെന്ന് ന്യൂസ് ക്ലിക്ക് ആരോപിക്കുന്നു.



അതേസമയം, ന്യൂസ് ക്ലിക്കിനെതിരെ കൂടുതൽ തെളിവുകൾ ശേഖരിക്കാനുള്ള ശ്രമത്തിലാണ് ഡൽഹി പൊലീസ്. എഡിറ്റർ പ്രബീർ പുരകായസ്തയെയും എച്ച്ആർ മാനേജറെയും പ്രത്യേക സെൽ ചോദ്യം ചെയ്തു വരികയാണ്. അഭിശാർ ശർമ, പരൻജോയ് ഗുഹ താക്കൂർത്ത എന്നിവരോടും ചോദ്യം ചെയ്യലിന് ഹാജരാകാൻ ഡൽഹി പൊലീസ് ആവശ്യപ്പെട്ടിട്ടുണ്ട്. പിടിച്ചെടുത്ത ലാപ്ടോപ്പുകളുടെയും മൊബൈൽ ഫോണുകളുടെയും ശാസ്ത്രീയ പരിശോധനയും പുരോഗമിക്കുകയാണ്.

## വന്ദേഭാരതിന് കാവിനിറം: നിറംമാറ്റത്തിൽ രാഷ്ട്രീയമില്ല, 100% ശാസ്ത്രചിന്തയെന്ന് റെയിൽവേ മന്ത്രി

ന്യൂഡൽഹി: കാവി നിറത്തിലുള്ള വന്ദേഭാരതിനെച്ചൊല്ലിയുള്ള വിവാദങ്ങളിൽ വിശദീകരണവുമായി റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. ട്രെയിനിന്റെ നിറം മാറ്റിയതിൽ ഒരു രാഷ്ട്രീയവുമില്ലെന്നും നൂറുശതമാനം ശാസ്ത്രചിന്തയാണ് അതിനു പിന്നിലുള്ളതെന്നും മന്ത്രി വ്യക്തമാക്കി. മാധ്യമപ്രവർത്തകരോടാണു മന്ത്രിയുടെ പ്രതികരണം.

മനുഷ്യരുടെ കണ്ണിനു കൂടുതൽ ദൃശ്യത നൽകുന്ന രണ്ടു നിറങ്ങളാണ് മഞ്ഞയും ഓറഞ്ചുമെന്ന് അശ്വിനി പറഞ്ഞു. യൂറോപ്പിലെല്ലാം 80 ശതമാനം ട്രെയിനുകളും ഒന്നുകിൽ ഓറഞ്ച് നിറത്തിലോ അല്ലെങ്കിൽ മഞ്ഞയും ഓറഞ്ചും കലർന്ന നിറത്തിലോ ആണുള്ളത്. വെള്ളി നിറം പോലെ മഞ്ഞയെപ്പോലെ തിളങ്ങുന്ന വേറെയും ഒരുപാട് നിറങ്ങളുണ്ട്. എന്നാൽ, ആളുകളുടെ കാഴ്ച പരിഗണിക്കുകയാണെങ്കിൽ ഈ രണ്ടു നിറങ്ങൾ പരിഗണിക്കുന്നതാണ് ഏറ്റവും നല്ലതെന്നും മന്ത്രി അശ്വിനി വൈഷ്ണവ് അഭിപ്രായപ്പെട്ടു.

നിറംമാറ്റത്തിനു പിന്നിൽ ഒരു രാഷ്ട്രീയവുമില്ല. നൂറുശതമാനം ശാസ്ത്രചിന്തയാണ് അതിനുപിന്നിലുള്ളത്. ഇതുകൊണ്ടാണ് വിമാനത്തിലെയും കപ്പലുകളിലെയും ബ്ലാക്ക്ബോക്സുകൾ ഓറഞ്ചുനിറത്തിലുള്ളത്. ദേശീയ ദുരന്ത നിവാരണ സേന ഉപയോഗിക്കുന്ന റെസ്ക്യൂ ബോട്ടുകളും ലൈഫ് ജാക്കറ്റുകൾ വരെ ഓറഞ്ച് നിറത്തിലുള്ളതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

സെപ്റ്റംബർ 24നാണ് ഓറഞ്ച് നിറത്തിലുള്ള ആദ്യത്തെ വന്ദേഭാരത് അവതരിപ്പിച്ചത്. കാസർകോട്-തിരുവനന്തപുരം റൂട്ടിലാണ് ട്രെയിൻ ഓടുന്നത്. സെപ്റ്റംബറിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്ലാഗ്ഓഫ് ചെയ്ത എട്ട് വന്ദേഭാരത് ട്രെയിനുകളിലൊന്നാണിത്.

## ഇത്തവണയും മാറ്റമില്ല: റിപ്പോ നിരക്ക് 6.50 ശതമാനം തന്നെ

മുംബൈ: പണപ്പെരുപ്പം ഉയർന്ന നിലയിലാണെങ്കിലും ഇത്തവണത്തെ പണ വായ്പാനയ യോഗത്തിലും റിസർവ് ബാങ്ക് നിരക്കിൽ മാറ്റംവരുത്തിയില്ല. ഇതോടെ റിപ്പോ നിരക്ക് 6.5 ശതമാനത്തിൽ തുടരും.

നടപ്പ് സാമ്പത്തിക വർഷത്തെ വളർച്ചാ അനുമാനം അഞ്ചാം തവണയും 6.5ശതമാനത്തിൽ നിലനിർത്തി. വിപണിയിലെ പണലഭ്യത നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഉയർത്തിയ സ്റ്റാൻഡിങ് ഡെപ്പോസിറ്റ് ഫെസിലിറ്റി(എസ്ഡിഎഫ്), മാർജിനൽ സ്റ്റാൻഡിങ് ഫെസിലിറ്റി (എംഎസ്എഫ്) എന്നിവയും യഥാക്രമം 6.25 ശതമാനത്തിലും 6.75 ശതമാനത്തിലും തുടരും.

ഉപഭോക്തൃ വില സൂചിക അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം ഇപ്പോഴും ആർബിഐയുടെ ക്ഷമതാ പരിധിക്ക് മുകളിലാണ്. യുഎസ് കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവ് കർശന നടപടികളുമായി മുന്നോട്ടുപോകുകയുമാണ്. മൺസൂൺ ലഭ്യതക്കുറവും അസംസ്കൃത എണ്ണ വിലയിലെ ചാഞ്ചാട്ടവുമൊക്കെ എംപിസി യോഗത്തിൽ ചർച്ചയായി.

ഓഗസ്റ്റിലെ നയ പ്രഖ്യാപനത്തിന് ശേഷം സമ്മിശ്ര പ്രതികരണമാണ് വിപണിയിലുണ്ടായത്. ഉയർന്ന നിലവാരത്തിൽനിന്ന് തക്കാളിയുടെ വില താഴ്ന്നു. അതോടൊപ്പം പണപ്പെരുപ്പ നിരക്കുകളിലും കുറവുണ്ടായി. വളർച്ചാധിഷ്ഠിത നിലപാട് തുടരുന്നതിന്റെ ഭാഗമായാണ് നിരക്ക് വർധനവിൽനിന്ന് ഇത്തവണയും വിട്ടുനിൽക്കുന്നത്. ആറംഗ സമിതിയിൽ അഞ്ച് പേരും നിരക്ക് വർധനവിനെതിരെ വോട്ട് ചെയ്തു.

വിപണിയിലെ പണലഭ്യത കുറയ്ക്കുന്നതിന്റെ ഭാഗമായി ഓഗസ്റ്റിൽ കൊണ്ടുവന്ന ഇൻക്രിമെന്റൽ കാഷ് റിസർവ് റേഷ്യോ(ഐസിആർആർ) പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. മിച്ചമുണ്ടായിരുന്ന ലിക്വിഡിറ്റി കമ്മിയായതിനെതുടർന്നാണിത്. ഉത്സവ സീസൺ വരുന്നതിനാൽ വായ്പാ ഡിമാന്റിനെ ബാധിക്കാതിരിക്കാൻ മതിയായ പണലഭ്യത വിപണിയിൽ നിലനിർത്താനും ആർബിഐ ലക്ഷ്യമിടുന്നു.

## ഇന്റർനെറ്റ് സേവനങ്ങൾ തടസ്സപ്പെടുമെന്ന വാർത്ത വ്യാജം: ടിഡിആർഎ

ഈ മാസം 11ന് ബുധനാഴ്ച ലോകമെമ്പാടും ഇന്റർനെറ്റ് സേവനങ്ങൾ തടസ്സപ്പെടുമെന്ന വാർത്ത വ്യാജമാണെന്ന് വിശദീകരണം. ഇന്റർനെറ്റ് സേവനങ്ങൾ വ്യാപകമായി തടസ്സപ്പെടുമെന്ന് നിരവധി വാർത്തകളാണ് നിലവിൽ പ്രചരിക്കുന്നത്. ഈ വാർത്ത തീർത്തും വ്യാജമാണെന്നാണ്അധികൃതർ വ്യക്തമാക്കിയിരിക്കുന്നത്.

ഇതു സംബന്ധിച്ച് കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി പ്രചരിച്ച റിപ്പോർട്ടുകളെല്ലാം തെറ്റാണെന്ന് യുഎഇ ടെലികമ്മ്യൂണിക്കേഷൻസ് ആൻഡ് ഡിജിറ്റൽ ഗവൺമെന്റ് റെഗുലേറ്ററി അതോറിറ്റി (ടിഡിആർഎ) യാണ് അറിയിച്ചത്.

ഇങ്ങനെയുള്ള അനാവശ്യമായ ആശങ്കകൾ ഒഴിവാക്കുന്നതിനും കൃത്യമായ വിവരങ്ങൾക്കും അറിയിപ്പുകൾക്കും വേണ്ടി തങ്ങളുടെ ഔദ്യോഗിക ചാനലുകളെ മാത്രം ആശ്രയിക്കണമെന്നും ജനങ്ങളോട് സോഷ്യൽ മീഡിയ വഴി അതോറിറ്റി അഭ്യർത്ഥിച്ചു. സോഷ്യൽ മീഡിയയിൽ വൈറലാകുന്ന ഒരു വീഡിയോ റിപ്പോർട്ടിലടക്കം ഒരു വാർത്താ അവതാരകൻ ഈ വ്യാജ വാർത്ത അവതരിപ്പിക്കുന്നുണ്ട്.

ഈ വീഡിയോ കൃത്രിമമാണെന്നും അറബിക് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. 2018ൽ സംപ്രേഷണം ചെയ്ത ഒരു വീഡിയോ ദൃശ്യത്തിൽ വ്യാജ വാർത്തയുടെ വോയ്സ് ചേർത്താണ് സംഭവം പ്രചരിപ്പിച്ചിരിക്കുന്നത്. ഈ ദിവസം ഇന്റർനെറ്റ് സേവനങ്ങൾ തടസ്സപ്പെടില്ലെന്ന് ടിഡിആർഎ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

## യൂറോപ്യൻ യൂണിയൻ – ജിസിസി സംയുക്ത മന്ത്രിതല യോഗത്തിന് ഒമാൻ ആതിഥേയത്വം വഹിക്കും

യൂറോപ്യൻ യൂണിയൻ-ജിസിസി സംയുക്ത മന്ത്രിതല യോഗത്തിന്റെ 27-ാമത് സെഷൻ ഈ മാസം 9, 10 തീയതികളിലായി ഒമാനിൽ നടക്കും. യോഗത്തിൽ യൂറോപ്യൻ യൂണിയനെയും ജിസിസി രാഷ്ട്രങ്ങളെയും പ്രതിനിധീകരിച്ച് മുപ്പതിലധികം ഔദ്യോഗിക പ്രതിനിധികൾ ഒന്നിക്കും.വിദേശകാര്യ മന്ത്രി സയ്യിദ് ബദർ ഹമദ് അൽ ബുസൈദിയുടെ നേതൃത്വത്തിലുള്ള ജിസിസി പ്രതിനിധി സംഘം യൂറോപ്യൻ യൂണിയൻ ഫോർ ഫോറിൻ അഫയേഴ്സ് ആൻഡ് സെക്യൂരിറ്റി പോളിസിയുടെ ഉന്നത പ്രതിനിധി ജോസഫ് ബോറെലിന്റെ നേതൃത്വത്തിലുള്ള യൂറോപ്യൻ സംഘവുമായി ആശയവിനിമയം നടത്തും.ജിസിസി സെക്രട്ടറി ജനറൽ ജാസിം മുഹമ്മദ് അൽ ബുദൈവിയും ചടങ്ങിൽ പങ്കെടുക്കും. സുരക്ഷയും സമാധാനവും സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുക, ആഗോള സാമ്പത്തിക, വിപണി സ്ഥിരതയെ പിന്തുണയ്ക്കുന്നതിൽ തങ്ങളുടെ പങ്ക് വീണ്ടും ഉറപ്പിക്കുക എന്നിവയെല്ലാമാണ് അജണ്ടകൾ.


## ക്രീം തേച്ച് വെളുത്തവർക്ക് നെഫ്രോടിക് സിൻഡ്രോം; അന്വേഷണവുമായി ദേശീയ രഹസ്യാന്വേഷണ വിഭാഗം

കുറ്റിപ്പുറം (മലപ്പുറം): വൃക്കതകരാറിലാക്കുന്ന സൗന്ദര്യ വർധക ലേപനങ്ങൾ മലബാർ വിപണിയിൽ പെരുകുന്നതിനെക്കുറിച്ചു ദേശീയ രഹസ്യാന്വേഷണവിഭാഗം അന്വേഷണം തുടങ്ങി. കൃത്യമായ നിർമാണ മേൽവിലാസമില്ലാത്ത ലേപനങ്ങളാണിവ.

ചില ക്രീമുകളിൽ രസവും കറുത്തീയവും അടക്കമുള്ള ലോഹമൂലകങ്ങൾ അമിതമായി അടങ്ങിയിട്ടുണ്ടെന്നു കോട്ടയ്ക്കലിലെയും കൊച്ചിയിലെയും സ്വകാര്യ ആശുപത്രികൾ റിപ്പോർട്ട് നൽകിയിരുന്നു. മലപ്പുറം ഡ്രഗ്സ് കൺട്രോൾ വിഭാഗം ഓഫിസിലും കോട്ടയ്ക്കലിലെ ആശുപത്രിയിലും അന്വേഷണ സംഘമെത്തി വിവരങ്ങൾ ശേഖരിച്ചു. മലപ്പുറം ഡ്രഗ്സ് കൺട്രോൾ വിഭാഗം നേരത്തേ തന്നെ ഇത്തരം ക്രീമുകളുടെ വിൽപന നിരീക്ഷിച്ചു വരികയായിരുന്നു.



മലപ്പുറത്തു 'യൂത്ത് ഫെയ്സ്', 'ഫൈസ' തുടങ്ങിയ ചർമം വെളുപ്പിക്കൽ ക്രീമുകൾ ഉപയോഗിച്ച 11 പേർക്കാണ് നെഫ്രോടിക് സിൻഡ്രോം കണ്ടെത്തിയത്. ഇതിൽ ഗുരുതരനിലയിലായ പതിനാലുകാരി തുടർച്ചയായി 'യൂത്ത് ഫെയ്സ്' ഉപയോഗിച്ചിരുന്നു. സമാന ലക്ഷണങ്ങളുമായി എത്തിയവരും ഈ ക്രീം ഉപയോഗിച്ചിരുന്നതായി കോട്ടയ്ക്കൽ ആസ്റ്റർ മിംസ് ആശുപത്രിയിലെ മെഡിക്കൽ വിഭാഗം മേധാവി ഡോ.പി.എസ്.ഹരി പറഞ്ഞു.



കാലിയായ നരേന്ദ്ര മോദി സ്റ്റേഡിയം

## ലോകകപ്പ് ഉദ്ഘാടനത്തിൽ മോദി സ്റ്റേഡിയം കാലി! നാണക്കേടെന്ന് അന്താരാഷ്ട്ര മാധ്യമങ്ങൾ

അഹമ്മദാബാദ്: ഏകദിന ലോകകപ്പിന്റെ തുടക്കത്തിൽ തന്നെ കല്ലുകടി. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ നടക്കുന്ന ഉദ്ഘാടന മത്സരം കാണാൻ വിരലിലെണ്ണാവുന്ന കാണികളാണ് എത്തിയത്.

ഒഴിഞ്ഞ ഗാലറിക്കു മുന്നിലാണ് ഇംഗ്ലണ്ടും ന്യൂസിലൻഡും ആദ്യ മത്സരത്തിൽ ഏറ്റുമുട്ടുന്നത്. ഇന്ത്യൻ ക്രിക്കറ്റിന് ഒന്നാകെ നാണക്കേടായി മാറിയ രംഗത്തിൽ അന്താരാഷ്ട്ര മാധ്യമങ്ങളും വിമർശനമുയർത്തിയിരിക്കുകയാണ്.1.15 ലക്ഷം പേരെ ഉൾക്കൊള്ളാൻ ശേഷിയുള്ള ഗാലറിയാണ് പൂർണമായി ഒഴിഞ്ഞു കിടക്കുന്നത്. വെറും പതിനായിരത്തിനടുത്ത് കാണികളാണു മത്സരം വീക്ഷിക്കാനെത്തിയതെന്നാണ് റിപ്പോർട്ട്.

സംഘാടകർക്ക് നാണക്കേടുണ്ടാക്കുന്നതാണ് ഈ കാഴ്ചയെന്നാണ് ഇംഗ്ലീഷ് മാധ്യമമായ 'ടെലഗ്രാഫ്' റിപ്പോർട്ട് ചെയ്തത്. ആതിഥേയരാജ്യമായ ഇന്ത്യയെ ഉദ്ഘാടന മത്സരത്തിൽ ഉൾപ്പെടുത്താത്തതിൽ ചോദ്യങ്ങളുയർന്നിട്ടുണ്ടെന്ന് 'ഡെയ്‌ലി മെയിൽ' റിപ്പോർട്ടിൽ പറയുന്നു.

ഉദ്ഘാടനം നടന്ന് ദേശീയഗാനം ആലപിക്കുമ്പോൾ വെറും 3000-4000 കാണികളാണ് ഗാലറിയിലുണ്ടായിരുന്നതെന്നാണ് 'വിസ്ഡൺ ക്രിക്കറ്റ്' എഡിറ്റർ ലോറൻസ് ബൂത്ത് 'എക്സി'ൽ കുറിച്ചത്.

ഇന്ത്യക്കാർ ക്രിക്കറ്റിനെയല്ല, ഇന്ത്യൻ ക്രിക്കറ്റിനെ മാത്രമാണോ ഇഷ്ടപ്പെടുന്നതെന്ന് 'ടെലഗ്രാഫ്' റിപ്പോർട്ടർ ടിം വിഗ്മോർ ചോദിച്ചു. ടിക്കറ്റുകൾ വൈകി വിറ്റതും വേദിമാറ്റങ്ങളും മോശം മാർക്കറ്റിങ്ങുമെല്ലാം കാരണമായേക്കാമെന്നും അദ്ദേഹം എക്സിൽ അഭിപ്രായപ്പെട്ടു. 1996ൽ ഇതേ അഹമ്മദാബാദിൽ നടന്ന ഇംഗ്ലണ്ട്-ന്യൂസിലൻഡ് ലോകകപ്പ് മത്സരത്തിലെ നിറഞ്ഞുകവിഞ്ഞ ഗാലറിയുടെ ചിത്രം പങ്കുവച്ചാണ് ക്രിക്കറ്റ് വിദഗ്ധൻ ഡാനിയേൽ ബ്രെറ്റിഗ് സംഘാടനത്തിലെ വീഴ്ച തുറന്നുകാട്ടിയത്.

ഇംഗ്ലണ്ട് ടീമിന്റെ ആരാധകക്കൂട്ടായ്മയായ ബാർമി ആർമിയും ഗാലറിയിൽനിന്നുള്ള ദൃശ്യങ്ങൾ പങ്കുവച്ച് പരോക്ഷ പരിഹാരമെറിഞ്ഞിട്ടുണ്ട്.അതേസമയം, മത്സരത്തിൽ ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനയയ്ക്കപ്പെട്ട ഇംഗ്ലണ്ട് 40 ഓവർ പിന്നിടുമ്പോൾ ആറു വിക്കറ്റ് നഷ്ടത്തിൽ 224 എന്ന നിലയിലാണുള്ളത്.

അർധസെഞ്ചറിയുമായി ജോ റൂട്ടാണ് ഇംഗ്ലീഷ് പടയെ കൂട്ടത്തകർച്ചയിൽനിന്നു കരകയറ്റിയത്.

# കന്നി സെഞ്ച്വറിയിൽ കളം നിറഞ്ഞ്, കളി ജയിപ്പിച്ച് രചിൻ

അഹമ്മദാബാദ്: ന്യൂസിലൻഡ് ജേഴ്സിയിൽ 13-ാം ഏകദിനം മാത്രമാണ് രചിൻ രവീന്ദ്ര കളിക്കുന്നത്. 23കാരന്റെ ആദ്യ ലോകകപ്പ് കൂടിയാണിത്. അരങ്ങേറ്റ ലോകകപ്പിലെ ആദ്യ മത്സരത്തിൽ തന്നെ സെഞ്ചറിനേടാൻ രവീന്ദ്രയ്ക്കായി.

മൂന്നാമനായി ക്രീസിലെത്തിയ താരം 96 പന്തിൽ പുറത്താവതെ 123 റൺസാണ് രവീന്ദ്ര അടിച്ചെടുത്തത്. അഞ്ച് സിക്സും 11 ഫോറും ഉൾപ്പെടുന്നതായിരുന്നു രവീന്ദ്രയുടെ ഇന്നിംഗ്സ്. ഇന്ത്യൻ വംശജനായ രവീന്ദ്രയുടെ കരിയറിലെ ആദ്യ സെഞ്ചറി കൂടിയായിരുന്നു ഇത്. ഇതോടെ ഒരു റെക്കോർഡ് പട്ടികയിലും താരം ഇടം നേടി.

ഏകദിന ലോകകപ്പിലെ അരങ്ങേറ്റത്തിൽ തന്നെ സെഞ്ചറിനേടുന്ന പ്രായം കുറഞ്ഞ മൂന്നാമത്ത താരമാണ് രവീന്ദ്ര. ഇന്ന് സെഞ്ചറി നേടുമ്പോൾ 23 വർഷവും 321 ദിവസവുമാണ് താരത്തിന്റെ പ്രായം. ഇക്കാര്യത്തിൽ മുൻ ഇന്ത്യൻ ക്യാപ്റ്റൻ വിരാട് കോലിയാണ് ഒന്നാമൻ. 2011ൽ ഇന്ത്യയിൽ നടന്ന ലോകകപ്പിൽ കോലി സെഞ്ചറി നേടുമ്പോൾ 22 വർഷവും 106 ദിവസമായിരുന്നു കോലിയുടെ പ്രായം. 1992 ലോകകപ്പിൽ സെഞ്ചുറി നേടിയ മുൻ സിംബാബ്‌വെ താരം ആൻഡി ഫ്ലവർ (23 വർഷവും 301 ദിവസവും) രണ്ടാം സ്ഥാനത്തുണ്ട്. ലോകകപ്പ് ഉദ്ഘാടന മത്സരത്തിൽ ഒമ്പത് വിക്കറ്റിന്റെ കൂറ്റൻ




സെഞ്ചറിനേടിയ രച്ചിൻ കാണികളെ അഭിവാദ്യം ചെയ്യുന്നു

ജയമാണ് ലോക ചാംപ്യന്മാരായ ഇംഗ്ലണ്ടിനെതിരെ ന്യൂസിലൻഡ് സ്വന്തമാക്കിയത്. ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനെത്തിയ ഇംഗ്ലണ്ട് നിശ്ചിത 50 ഓവറിൽ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 282 റൺസാണ് നേടിയത്. മറുപടി ബാറ്റിംഗിൽ കിവീസ് 36.2 ഓവറിൽ ഒരു വിക്കറ്റ് മാത്രം നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. രചിന് പുറഅഹമ്മദാബാദ്: ന്യൂസിലൻഡ് ജേഴ്സിയിൽ 13-ാം ഏകദിനം മാത്രമാണ് രചിൻ രവീന്ദ്ര കളിക്കുന്നത്. 23കാരന്റെ ആദ്യ ലോകകപ്പ് കൂടിയാണിത്. അരങ്ങേറ്റ ലോകകപ്പിലെ ആദ്യ മത്സരത്തിൽ തന്നെ സെഞ്ചറി നേടാൻ രവീന്ദ്രയ്ക്കായി. മൂന്നാമനായി ക്രീസിലെത്തിയ താരം 96 പന്തിൽ പുറത്താവതെ 123 റൺസാണ് രവീന്ദ്ര അടിച്ചെടുത്തത്. അഞ്ച് സിക്സും 11 ഫോറും ഉൾപ്പെടുന്നതായിരുന്നു രവീന്ദ്രയുടെ ഇന്നിംഗ്സ്. ഇന്ത്യൻ വംശജനായ രവീന്ദ്രയുടെ കരിയറിലെ ആദ്യ സെഞ്ചറി കൂടിയായിരുന്നു ഇത്. ഇതോടെ ഒരു റെക്കോർഡ് പട്ടികയിലും താരം ഇടം നേടി.

ഏകദിന ലോകകപ്പിലെ അരങ്ങേറ്റത്തിൽ തന്നെ സെഞ്ചറിനേടുന്ന പ്രായം കുറഞ്ഞ മൂന്നാമത്ത താരമാണ് രവീന്ദ്ര. ഇന്ന് സെഞ്ചറി നേടുമ്പോൾ 23 വർഷവും 321 ദിവസവുമാണ് താരത്തിന്റെ പ്രായം. ഇക്കാര്യത്തിൽ മുൻ ഇന്ത്യൻ ക്യാപ്റ്റൻ വിരാട് കോലിയാണ് ഒന്നാമൻ. 2011ൽ ഇന്ത്യയിൽ നടന്ന ലോകകപ്പിൽ കോലി സെഞ്ചറി നേടുമ്പോൾ 22 വർഷവും 106 ദിവസമായിരുന്നു കോലിയുടെ പ്രായം. 1992 ലോകകപ്പിൽ സെഞ്ചുറി നേടിയ മുൻ സിംബാബ്‌വെ താരം ആൻഡി ഫ്ലവർ (23 വർഷവും 301 ദിവസവും) രണ്ടാം സ്ഥാനത്തുണ്ട്.മുൻ ന്യൂസിലൻഡ് താരം നതാൻ ആസ്റ്റിൽ (24 വർഷം, 152 ദിവസം) നാലാമത്. 1996 ലോകകപ്പിൽ ഇംഗ്ലണ്ടിനെതിരെയാണ് താരം സെഞ്ചറി നേടിയത്. അഞ്ചാമത് ദക്ഷിണാഫ്രിക്കൻ താരം ഡേവിഡ് മില്ലറാണ്. 2015 ലോകകപ്പിൽ സിംബാബ്‌വെക്കെതിരെയാണ് താരം സെഞ്ചുറി നേടിയത്. അന്ന് 25 വയസും 250 ദിവസവും പ്രായമുണ്ടായിരുന്നു മില്ലർക്ക്.

ലോകകപ്പ് ഉദ്ഘാടന മത്സരത്തിൽ ഒമ്പത് വിക്കറ്റിന്റെ കൂറ്റൻ ജയമാണ് ലോക ചാംപ്യന്മാരായ ഇംഗ്ലണ്ടിനെതിരെ ന്യൂസിലൻഡ് സ്വന്തമാക്കിയത്. ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനെത്തിയ ഇംഗ്ലണ്ട് നിശ്ചിത 50 ഓവറിൽ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 282 റൺസാണ് നേടിയത്. മറുപടി ബാറ്റിംഗിൽ കിവീസ് 36.2 ഓവറിൽ ഒരു വിക്കറ്റ് മാത്രം നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. രചിന് പുറമേ ഡെവോൺ കോൺവെ (152) സെഞ്ചറിയുമായി പുറത്താവാതെ നിന്നു. ഇരുവരും 273 റൺസാണ് മൂന്നാം വിക്കറ്റിൽ കൂട്ടിചേർത്തത്.

## 'വിദ്യാർത്ഥികൾ കാണട്ടെ, സൗജന്യമായി ടിക്കറ്റുകൾ നൽകു'– ലോകകപ്പിൽ കാണികൾ ഇല്ലാത്തതിൽ സെവാഗ്

അഹമ്മദാബാദ്: ലോകകപ്പ് ക്രിക്കറ്റ് പോരാട്ടങ്ങൾക്ക് തുടക്കമായപ്പോൾ ഉദ്ഘാടന മത്സരത്തിൽ ആളില്ലാത്തത് വലിയ ചർച്ചയായി മാറി. ലോകത്തിലെ ഏറ്റവും വലിയ ക്രിക്കറ്റ് സ്റ്റേഡിയമായ അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ ഒഴിഞ്ഞ ഗാലറിയാണ് ഉദ്ഘാടന മത്സരമായ ഇംഗ്ലണ്ട്- ന്യൂസിലൻഡ് പോരാട്ടത്തിനുണ്ടായത്.

ഇതോടെയാണ് ചർച്ചകൾക്കും തുടക്കമായത്. ഇപ്പോൾ ഇക്കാര്യത്തിൽ പ്രതികരിക്കുകയാണ് മുൻ ഇന്ത്യൻ ഓപ്പണറും ഇതിഹാസ താരവുമായ സെവാഗ്.

സ്കൂൾ, കോളജ് വിദ്യാർത്ഥികൾക്ക് സൗജന്യമായി ലോകകപ്പ്



ആസ്വദിക്കാനുള്ള അവസരം ഒരുക്കണമെന്നു സെവാഗ് പറയുന്നു. യുവാക്കൾക്കിടയിൽ ഏകദിന ക്രിക്കറ്റിന്റെ പ്രചാരണം ഇത്തരത്തിലൂടെയൊക്കെ നടത്തണമെന്നും സെവാഗ് പറയുന്നു. എക്സിൽ ഇട്ട കുറിപ്പിലാണ് താരം നിലപാട് വ്യക്തമാക്കി.

'ഓഫീസ് സമയം കഴിഞ്ഞാൽ കൂടുതൽ ആളുകൾ കളി കാണാൻ എത്തിയേക്കാം. ഭാരതം കളിക്കാത്ത മത്സരങ്ങളിൽ സ്കൂൾ, കോളജ് വിദ്യാർത്ഥികൾക്ക് സൗജന്യമായി ടിക്കറ്റുകൾ നൽകണം. 50 ഓവർ ക്രിക്കറ്റിനോടുള്ള താത്പര്യം മങ്ങുകയാണ്. അങ്ങനെയുള്ളപ്പോൾ യുവാക്കൾക്ക് ലോകകപ്പ് ക്രിക്കറ്റ് പോരാട്ടം നേരിൽ കണ്ടു അനുഭവിക്കാനുള്ള അവസരം ഒരുക്കുക. അപ്പോൾ താരങ്ങൾക്ക് ഒരു മുഴുവൻ സ്റ്റേഡിയത്തിൽ കളിക്കുന്നതിന്റെ പ്രതീതി ലഭിക്കാനും അതു സഹായിക്കും'- സെവാഗ് കുറിച്ചു.

## ആധിപത്യമുറപ്പിക്കാൻ ബാബറും പോരാളികളും; അട്ടിമറിക്കുമോ ഡച്ച് പട? – ഇന്ന് പാകിസ്താൻ – നെതർലൻഡ്സ് പോരാട്ടം

ഹൈദരാബാദ്: ഏകദിന ക്രിക്കറ്റ് ലോകകപ്പിലെ രണ്ടാം മത്സരത്തിൽ ഇന്ന് പാകിസ്താൻ നെതർലൻഡ്സിനെ നേരിടും. ഉച്ചയ്ക്ക് രണ്ടിന് ഹൈദരാബാദിലാണ് മത്സരം. നെതർലൻഡ്സുമായി ഏറ്റുമുട്ടുമ്പോൾ ആധികാരിക ജയത്തിൽ കുറഞ്ഞതൊന്നും പാകിസ്താൻ ആഗ്രഹിക്കില്ല. അട്ടിമറിക്ക് അവസരം നൽകാതെ മികച്ച വിജയമാണ് ബാബറും സംഘവും ലക്ഷ്യമിടുന്നത്.

1992നുശേഷമൊരു ലോകകിരീടം ലക്ഷ്യമിട്ടാവും പാകിസ്താൻ ഇത്തവണ കളത്തിലിറങ്ങുക. ബാറ്റിലും ബൗളിങ്ങിലും ഒരുപോലെ തിളങ്ങാൻ കഴിവുള്ള യുവനിരയുമായാണ് പാക് പട എത്തുന്നത്. മറുവശത്ത് നീണ്ട 12 വർഷത്തെ ഇടവേളയ്ക്കുശേഷമാണ് നെതർലൻഡ്സ് വീണ്ടും ലോകകപ്പിൽ അങ്കംകുറിക്കാനെത്തുന്നത്.

ലോകകപ്പിൽ പാകിസ്താൻ ഏറ്റവും പ്രതീക്ഷ വയ്ക്കുന്നത് നായകൻ ബാബർ അസം, വിക്കറ്റ് കീപ്പർ മുഹമ്മദ് റിസ്‌വാൻ എന്നിവരു




ടെ പ്രകടനത്തിൽ തന്നെയാണ്. ഇരുവരുടെയും ബാറ്റിങ് പ്രകടനവും കൂട്ടുകെട്ടുകളും ടീമിനു നിർണായകമാകും. എല്ലാ കാലത്തും കരുത്തായ പേസ് ബൗളിങ് ഇത്തവണയും ശക്തമാണ്. നസീം ഷായുടെ അഭാവം നിഴലിക്കാനിടയുണ്ടെങ്കിലും ഷഹീൻഷാ അഫ്രീദി നയിക്കുന്ന പേസ് നിരയ്ക്ക് ഹാരിസ് റൗഫും ഹസൻ അലിയും കരുത്തേകുമെന്നുറപ്പാണ്.

നഷ്ടപ്പെടാൻ ഒന്നുമില്ലാതെ ഇറങ്ങുന്ന നെതർലൻഡ്സിന് സമ്മർദങ്ങളുടെ അമിതഭാരമുണ്ടാകില്ല. എന്നാൽ, അങ്ങനെയങ്ങ് എഴുതിത്തള്ളാവുന്ന നിരയുമല്ല ഈ യൂറോപ്യൻ സംഘം. ക്യാപ്റ്റൻ സ്കോട്ട് എഡ്വാഡ്സിലും മാക്സ് ഒഡൗഡിലുമാണ് ടീമിന്റെ പ്രതീക്ഷകൾ. ലോഗൻ വാൻ ബീക്കിന്റെയും പോൾ വാൻ മീകരെന്റെയും ബൗളിങ്ങിലും കോളിൻ അക്കർമന്റെ ഓൾറൗണ്ട് പ്രകടനത്തിലും വിശ്വാസമർപ്പിക്കുന്ന ടീം അട്ടിമറികൾ സൃഷ്ടിച്ചാൽ അത്ഭുതപ്പെടേണ്ടതില്ല. ഏകദിനത്തിൽ ഇരു ടീമുകളും ആറുതവണ ഏറ്റുമുട്ടിയപ്പോൾ നെതർലൻഡ്സിന് ഒരിക്കൽപോലും വിജയിക്കാനായിട്ടില്ല.




ബംഗ്ലാദേശിനെ തോൽപിച്ച ശേഷം ഇന്ത്യൻ ടീം ആഹ്ലാദം പങ്കിടുന്നു

## ക്രിക്കറ്റിൽ മെഡലുറപ്പിച്ചു; ബംഗ്ലാദേശിനെ ഒൻപത് വിക്കറ്റിനു തകർത്ത് ടീം ഇന്ത്യ

ഹാങ്ചോ: ഏഷ്യൻ ഗെയിംസിൽ മെഡലുറപ്പിച്ച് ഇന്ത്യൻ ക്രിക്കറ്റ് ടീം. സെമി ഫൈനലിൽ ബംഗ്ലാദേശിനെ ഒൻപത് വിക്കറ്റിന് തകർത്ത് ഇന്ത്യ കലാശപ്പോരിനു യോഗ്യത നേടി. ഇന്നു നടക്കുന്ന അഫ്ഗാനിസ്താൻ-പാകിസ്താൻ രണ്ടാം സെമിയിലെ വിജയികളായിരിക്കും സ്വർണത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ ഇന്ത്യയുടെ എതിരാളികൾ.

ബംഗ്ലാദേശിനെ 96 റൺസിൽ ചുരുട്ടിക്കെട്ടിയ ശേഷം മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ 9.2 ഓവറിൽ തന്നെ ലക്ഷ്യം കണ്ടു. കഴിഞ്ഞ മത്സരത്തിലെ സെഞ്ചറിവേട്ടക്കാരൻ നേരിട്ട നാലാം പന്തിൽ തന്നെ സംപൂജ്യനായി മടങ്ങിയെങ്കിലും ക്യാപ്റ്റൻ ഋതുരാജ് ഗെയ്ക്ക്‌വാദും തിലക് വർമയും ചേർന്ന് ദൗത്യം പൂർത്തിയാക്കി. തിലക് വെറും 26 പന്തിൽ 55 റൺസാണ് അടിച്ചുകൂട്ടിയത്. രണ്ട് ബൗണ്ടറിയും ആറ് സിക്സും ഇന്നിങ്സിന് അകമ്പടിയേകി. ഗെയ്ക്ക്‌വാദ് 26 പന്തിൽ നാല് ബൗണ്ടറിയും മൂന്ന് സിക്സും സഹിതം 40 റൺസുമെടുത്ത് തിലകിനൊപ്പം പുറത്താകാതെ നിന്നു.

ടോസ് നേടി ബംഗ്ലാദേശിനെ ബാറ്റിങ്ങിനയയ്ക്കുകയായിരുന്നു ഇന്ത്യൻ നായകൻ ഋതുരാജ് ഗെയ്ക്ക്‌വാദ്. ഒറ്റ സ്പെഷലിസ്റ്റ് പേസറെയും ഒരു പേസ് ഓൾറൗണ്ടറെയും വച്ചായിരുന്നു ഇന്ത്യ ഇന്ന് ഇറങ്ങിയത്. ബാക്കി രണ്ട് സ്പെഷലിസ്റ്റ് സ്പിന്നർമാരും രണ്ട് സ്പിൻ ഓൾറൗണ്ടർമാരും ഒരു പാർട്ടൈം സ്പിന്നറും. ക്യാപ്റ്റന്റെ തീരുമാനം ശരിവയ്ക്കുന്ന തരത്തിലായിരുന്നു സ്പിൻനിരയുടെ പ്രകടനം.

ബംഗ്ലാദേശ് ബാറ്റിങ്ങിനെ ഒന്നു നടുനിവർത്താൻ പോലും സ്പിന്നർമാർ അനുവദിച്ചില്ല. ഇന്ത്യൻ സ്പിൻ വാരിക്കുഴിയിൽ ബംഗ്ലാ ബാറ്റർമാർ ഒന്നൊന്നായി തലകുത്തിവീഴുകയായിരുന്നു. ഓപണർ പർവേസ് ഹുസൈനും(23) വിക്കറ്റ് കീപ്പർ ജാക്കിർ അലിക്കും(24) സ്പിന്നർ റകീബുൽ ഹസനും(14) മാത്രമാണ് അയൽസംഘത്തിൽ രണ്ടക്കം കടന്നത്.

നാല് ഓവറിൽ 12 റൺസ് മാത്രം വിട്ടുകൊടുത്ത് മൂന്ന് വിക്കറ്റ് പിഴുത സായ് കിഷോർ ആണ് ഇന്ത്യൻ ബൗളർമാരിൽ തിളങ്ങിയത്. 15 റൺസ് മാത്രം നൽകി വാഷിങ്ടൺ സുന്ദർ രണ്ടു വിക്കറ്റും നേടി. അർശ്ദീപ് സിങ്, തിലക് വർമ, രവി ബിഷ്ണോയ്, ഷഹബാസ് അഹ്മദ് എന്നിവർക്ക് ഓരോ വിക്കറ്റ് വീതവും ലഭിച്ചു.




RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.